2025 FEBRUARY
18
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




## മലയാളിയുമായി കൈകോർത്ത് അദാനി

# ഇന്ത്യയിലെമ്പാടും ലോകോത്തര സ്കൂളുകൾ

**ന്യൂദൽഹി:** ലോകത്തെ മുൻനിര വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നും യുഎഇയിലെ ഏറ്റവും വലിയ സ്വകാര്യ സ്കൂളുമായ ജെംസ് എജ്യുക്കേഷനുമായി കൈകോർത്ത് അദാനി ഫൗണ്ടേഷനാണ് സ്കൂളുകൾ നിർമിക്കുക. അദാനി ഗ്രൂപ്പിന്റെ സാമൂഹിക പ്രതിബദ്ധതാ പദ്ധതികൾക്ക് നേതൃത്വം വഹിക്കുന്നത് അദാനി ഫൗണ്ടേഷനാണ്. മലയാളി വ്യവസായിയും ശതകോടീശ്വരനുമായ സണ്ണി വർക്കിയുടെ ഉടമസ്ഥതയിലുള്ളതാണ് 60 വർഷത്തിലേറെ പാരമ്പര്യമുള്ള ജെംസ് എജ്യുക്കേഷൻ. ഗൾഫിലും ആഫ്രിക്കയിലുമായി 60ലേറെ സ്കൂളുകൾ ജെംസിനുണ്ട്. 1.3 ലക്ഷത്തിലധികം വിദ്യാർഥികളുമുണ്ട്.

2,000 കോടി രൂപയാണ് ഇതിനായി അദാനി ഫൗണ്ടേഷൻ നൽകുക. കുറഞ്ഞത് 20 സ്കൂളുകളെങ്കിലും നിർമിക്കും. 10,000 കോടി രൂപയിൽ 6,000 കോടി രൂപ ആശുപത്രികൾ സ്ഥാപിക്കാനും 2,000 കോടി രൂപ നൈപുണ്യ വികസന പദ്ധതികൾക്കായുമാണ് അദാനി ഫൗണ്ടേഷൻ ചെലവിടുന്നത്. സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് ലോകോത്തര നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയാണ് ജെംസ് എജ്യുക്കേഷനുമായി കൈകോർത്ത് അദാനി ഒരുക്കുന്ന അദാനി ജെംസ് സ്കൂൾ ഓഫ് എക്സലൻസിന്റെ ലക്ഷ്യം . ആദ്യ സ്കൂൾ 2025-26 അക്കാദമിക വർഷത്തിൽ ഉത്തർപ്രദേശിലെ ലക്നൗവിൽ ആരംഭിച്ചേക്കും.



അടുത്ത 3 വർഷത്തിനകം ഇന്ത്യയിലെമ്പാടുമായി കിൻഡർഗാർട്ടൻ മുതൽ 12ാം ക്ലാസ് വരെയുള്ള 20 സ്കൂളുകളെങ്കിലും സ്ഥാപിക്കാനാണ് ശ്രമം. പ്രധാന നഗരങ്ങൾക്ക് പുറമേ ചെറു പട്ടണങ്ങളിലും സ്കൂൾ തുറക്കും. സിബിഎസ്ഇ സിലബസുള്ള സ്കൂളുകളിൽ 30 ശതമാനം സീറ്റുകൾ പിന്നാക്ക വിഭാഗക്കാർക്കായി സംവരണം ചെയ്യും. ഇവർക്ക് ഫീസുണ്ടാകില്ല. സമൂഹത്തിലെ എല്ലാവർക്കും ലോകോത്തര നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയെന്ന പ്രതിബദ്ധതയാണ് ജെംസുമായി സഹകരിക്കുന്നതിലൂടെ ലക്ഷ്യമിടുന്നതെന്ന് ഗൗതം അദാനി എക്സിൽ കുറിച്ചു. സാമൂഹിക ഉത്തരവാദിത്തമുള്ള വരുംതലമുറയെ വാർത്തെടുക്കുകയാണ് അദാനിയുമായി സഹകരിച്ച് സ്കൂളുകൾ തുറക്കുന്നതിലൂടെ ലക്ഷ്യമിടുന്നതെന്ന് ജെംസ് എജ്യുക്കേഷൻ സ്ഥാപകനും ചെയർമാനുമായ സണ്ണി വർക്കി പറഞ്ഞു.

യുഎഇ, ഖത്തർ, ഈജിപ്റ്റ് എന്നിവിടങ്ങളിലായി 60ഓളം സ്കൂളുകൾ ജെംഎസ് എജ്യുക്കേഷനുണ്ട്. ഇന്ത്യൻ കരിക്കുലത്തിന് പുറമേ ബ്രിട്ടീഷ്, അമേരിക്കൻ, ഐബി, ഈജിപ്ഷ്യൻ കരിക്കുലങ്ങളുമുണ്ട്. സണ്ണി വർക്കിയുടെ പിതാവ് കെ.എസ്. വർക്കിയാണ് 1959ൽ സ്കൂളുകൾക്ക് തുടക്കമിട്ടത്.



## റഷ്യ– യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാൻ നീക്കം; നിർണായക കൂടിക്കാഴ്ച റിയാദിൽ

**വാഷിങ്ടൻ:** റഷ്യ- യുക്രെയ്ൻ യുദ്ധത്തിൽ സുപ്രധാന നീക്കവുമായി യുഎസ്. യുദ്ധം അവസാനിപ്പിക്കാനുള്ള നീക്കങ്ങളുടെ ഭാഗമായി റിയാദിൽ യുഎസ് ഉദ്യോഗസ്ഥരും റഷ്യൻ പ്രതിനിധികളും കൂടിക്കാഴ്ച നടത്തും. യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് മൈക്ക് വാൾട്സ്, പ്രത്യേക ദൂതൻ സ്റ്റീവ് വിറ്റ്കോഫ് എന്നിവരാണ് റഷ്യൻ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തുക.

യുദ്ധത്തിൽനിന്നു പിന്മാറാൻ തയാറായാൽ റഷ്യയ്ക്കു മേൽ യുഎസ് ഏർപ്പെടുത്തിയ ഉപരോധങ്ങൾ നീക്കാമെന്ന് റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുട്ടിന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഉറപ്പുനൽകിയതായും രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. എന്നാൽ സൗദിയിൽ നടക്കുന്ന ചർച്ചയിലേക്ക് യുക്രെയ്നെ ക്ഷണിച്ചിട്ടില്ലെന്ന് പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കി പ്രതികരിച്ചു. കടലാസിൽ മാത്രമായി സുരക്ഷ വാഗ്ദാനങ്ങൾ ഒതുങ്ങരുതെന്നും അദ്ദേഹം പറഞ്ഞു.

ഈ ആഴ്ച താൻ സൗദി സന്ദർശനം നടത്തുന്നുണ്ടെന്നും റഷ്യയുമായുള്ള ചർച്ചയ്ക്കല്ലെന്നും സെലൻസ്കി അറിയിച്ചു. സൗദി പ്രതിനിധികളുമായിട്ടായിരിക്കും ചർച്ച. യൂറോപ്യൻ സഖ്യകക്ഷികളെ മാറ്റിനിർത്തിയാണ് ട്രംപ് റഷ്യ-യുക്രെൻ യുദ്ധമവസാനിപ്പിക്കാനുള്ള നീക്കവുമായി മുന്നോട്ടുപോകുന്നതെന്നാണ് ശ്രദ്ധേയം.

യുക്രെയ്ന്റെ പ്രകൃതിവിഭവങ്ങൾ സ്വന്തമാക്കാനായി യുഎസ് ശ്രമിക്കുന്നുണ്ടെന്നും രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. യുക്രെയ്ന്റെ ധാതുസമ്പത്തിന്റെ 50 ശതമാനം തങ്ങളുടെ വരുതിയിലാക്കാനാണ് യുഎസിന്റെ ശ്രമം. റഷ്യ- അമേരിക്ക നയതന്ത്ര ഉഭയകക്ഷി ബന്ധം ഊഷ്മളമാക്കുന്നതിനായി ഇന്ന് ഒരു റഷ്യൻ തടവുകാരനെ യുഎസ് മോചിപ്പിക്കുകയും ചെയ്തു.

## ഡ്രോൺ ആക്രമണം: ലബനനിലെ ഹമാസ് തലവനെ ഇസ്രയേൽ വധിച്ചു

**ജെറുസലം:** തെക്കൻ ലബനനിൽ ഇന്നലെ നടത്തിയ ഡ്രോൺ ആക്രമണത്തിൽ ലബനനിലെ ഹമാസിന്റെ തലവൻ മുഹമ്മദ് ഷഹീൻ കൊല്ലപ്പെട്ടതായി ഇസ്രയേൽ അവകാശപ്പെട്ടു. സ്ഫോടനത്തിൽ കത്തുന്ന ഒരു കാറിന്റെ വിഡിയോ ദൃശ്യങ്ങളും പുറത്തു വിട്ടിട്ടുണ്ട്. ഇസ്രയേൽ -ഹിസ്ബുല്ല വെടിനിർത്തൽ കരാറിന്റെ ഭാഗമായി തെക്കൻ ലബനനിൽനിന്ന് ഇസ്രയേൽ പിന്മാറുന്നതിനുള്ള അവസാന ദിവസം ഇന്നാണ്. വെടിനിർത്തൽ കരാർ ഉണ്ടെങ്കിലും തെക്ക്, പടിഞ്ഞാറ് ലബനനിൽ ഇസ്രയേൽ വ്യോമാക്രമണം അവസാനിപ്പിച്ചിരുന്നില്ല.

സിദനിലെ മുനിസിപ്പൽ സ്പോർട്സ് സ്റ്റേഡിയത്തിനു സമീപമുള്ള സൈനിക ചെക്ക് പോസ്റ്റിനടുത്തുവച്ചാണ് ഷഹീനു നേരെ ആക്രമണമുണ്ടായത്. ഇറാന്റെ ഒത്താശയോടെ ഇസ്രയേൽ പൗരന്മാർക്കെതിരെ ആക്രമണം നടത്താൻ ഇയാൾ പദ്ധതിയിട്ടിരുന്നതായി ഇസ്രയേൽ ആരോപിച്ചു.

## ഗ്യാനേഷ് കുമാർ മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ

**ന്യൂഡൽഹി:** ഗ്യാനേഷ് കുമാറിനെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണറായി നിയമിച്ചു. 1988 ബാച്ച് കേരള കേഡർ ഐഎഎസ് ഉദ്യോഗസ്ഥനായ ഗ്യാനേഷ് കുമാർ ആഗ്ര സ്വദേശിയാണ്. നിലവിലെ മുഖ്യതിരഞ്ഞെടുപ്പ് ഓഫിസർ രാജീവ് കുമാർ ചൊവ്വാഴ്ച സ്ഥാനമൊഴിയും. വിവേക് ജോഷിയാണ് പുതിയ തിരഞ്ഞെടുപ്പ് കമ്മിഷണർ.

ഈ വർഷം ബിഹാറിൽ നടക്കാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പും അടുത്ത വർഷം ബംഗാൾ, അസം, തമിഴ്നാട്, കേരളം എന്നിവിടങ്ങളിൽ നടക്കുന്ന തിരഞ്ഞെടുപ്പും ഗ്യാനേഷ് കുമാറാകും നിയന്ത്രിക്കുക.



സൊസൈറ്റി ടുഡേ
SOCIETY TODAY



# എസ്.എ.ടി. സെന്റർ ഓഫ് എക്സലൻസ്: ലൈസോസോമൽ രോഗം ബാധിച്ച കുഞ്ഞുങ്ങൾക്ക് പ്രത്യേക മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

**തിരുവനന്തപുരം:** എസ്.എ.ടി. സെന്റർ ഓഫ് എക്സലൻസിന്റെ ഭാഗമായി ലൈസോസോമൽ സ്റ്റോറേജ് ബാധിതരായ കുഞ്ഞുങ്ങൾക്കായി പ്രത്യേക മെഡിക്കൽ ക്യാമ്പ് തിരുവനന്തപുരം ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ സംഘടിപ്പിച്ചു. ഗോഷർ, പോംപേ, ഹണ്ടർ, ഹർലർ തുടങ്ങിയ അപൂർവ രോഗങ്ങൾ ബാധിച്ച കുട്ടികളുടെ പ്രത്യേക ക്യാമ്പാണ് സംഘടിപ്പിച്ചത്. ഈ കുഞ്ഞുങ്ങളുടെ ആരോഗ്യനില വിലയിരുത്തി തുടർ ചികിത്സയ്ക്കായാണ് അന്താരാഷ്ട്ര അപൂർവ രോഗ ദിനത്തോടനുബന്ധിച്ച് ക്യാമ്പ് സംഘടിപ്പിച്ചത്. പീഡിയാട്രിക്സ്, ഇ.എൻ.ടി, ജനറ്റിക്സ്, സൈക്കോളജി, ഡെവലപ്മെന്റൽ തെറാപ്പി എന്നീ വിഭാഗങ്ങളിലെ വിദഗ്ധരുടെ നേതൃത്വത്തിലാണ് ക്യാമ്പ് സംഘടിപ്പിച്ചത്. 24 കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്.

ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ക്യാമ്പ് സന്ദർശിച്ച് കുട്ടികളുമായും രക്ഷകർത്താക്കളുമായും സംസാരിച്ചു. അപൂർവ രോഗം ബാധിച്ച കുഞ്ഞുങ്ങൾക്ക് ട്രെയിൻ യാത്രയിൽ സൗജന്യ നിരക്ക് ലഭ്യമാക്കണമെന്ന് അവർ ആവശ്യപ്പെട്ടു. ഇക്കാര്യം ഉന്നയിച്ച് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തെഴുതാമെന്ന് മന്ത്രി പറഞ്ഞു.

അപൂർവ രോഗം ബാധിച്ചവരുടെ ചികിത്സയ്ക്കായി സർക്കാർ പ്രത്യേക പ്രാധാന്യമാണ് നൽകുന്നത്. അപൂർവ രോഗം ബാധിച്ച കുട്ടികളുടെ ചികിത്സയ്ക്കായുള്ള വിലകൂടിയ മരുന്നുകൾ നൽകാനുള്ള പദ്ധതി രാജ്യത്ത് ആദ്യമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കി. 2024 ജനുവരി മുതലാണ് ലൈസോസോമൽ രോഗങ്ങൾക്ക് വിലപിടിപ്പുള്ള മരുന്ന് നൽകി വരുന്നത്. നിലവിൽ 8 പേർക്കാണ് മരുന്ന് നൽകുന്നത്.

എസ്.എ.ടി. ആശുപത്രിയെ അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തി. സെന്റർ ഓഫ് എക്സലൻസ് പദ്ധതി വഴിയുള്ള ചികിത്സയ്ക്കായി 3 കോടി രൂപ ലഭ്യമായിട്ടുണ്ട്. എസ്.എ.ടി. ആശുപത്രിയിൽ ജനറ്റിക്സ് വിഭാഗം ആരംഭിച്ചു. അപൂർവ രോഗങ്ങളിലെ മികവിന്റെ കേന്ദ്രമായ എസ്എടി ആശുപത്രിയിൽ പീഡിയാട്രിക് ന്യൂറോളജി, ജനിതക രോഗവിഭാഗം, ശ്വാസകോശ രോഗ വിഭാഗം, ഓർത്തോപീഡിക്സ് വിഭാഗം, ഫിസിക്കൽ മെഡിസിൻ വിഭാഗം തുടങ്ങി വിവിധ വിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം രോഗികൾക്കായി ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന മൾട്ടി ഡിസിപ്ലിനറി ക്ലിനിക്ക് ആരംഭിച്ചു.

സെന്റർ ഓഫ് എക്സലൻസ് പദ്ധതിയുടെ നോഡൽ ഓഫീസർ ഡോ. എച്ച്. ശങ്കറിന്റെ നേതൃത്വത്തിലാണ് ക്യാമ്പ് സംഘടിപ്പിച്ചത്. സിഡിസി ഡയറക്ടർ ഡോ. ദീപ ഭാസ്കരൻ, എസ്.എ.ടി. ആശുപത്രി സൂപ്രണ്ട് ഡോ. ബിന്ദു, പീഡിയാട്രിക്സ് വിഭാഗം മേധാവി ഡോ. ബിന്ദു, ഇ.എൻ.ടി. വിഭാഗം മേധാവി ഡോ. സൂസൻ, ചൈൽഡ് ഹെൽത്ത് നോഡൽ ഓഫീസർ ഡോ. രാഹുൽ എന്നിവർ പങ്കെടുത്തു.

# ഉൽപാദന മേഖലക്ക് കൂടുതൽ പ്രാധാന്യം നൽകണം: ഡെപ്യൂട്ടി സ്പീക്കർ

**പന്തളം:** നാടിന്റെ വികസനപ്രക്രിയയിൽ കൂടുതൽ പ്രാധാന്യം ഉൽപ്പാദന മേഖലയ്ക്ക് നൽകണമെന്ന് നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പറഞ്ഞു. പന്തളം ബ്ലോക്ക് പഞ്ചായത്ത് വികസന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കൃഷി അനുബന്ധ മേഖലയിൽ ഉൽപാദന മികവ് പുലർത്തണം. കാർഷിക മേഖലയ്ക്കൊപ്പം സേവനപശ്ചാത്തല വികസനത്തിലും കൂടുതൽ പുരോഗതി കൈവരിക്കണം. ജില്ലാ ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെ സംയോജിത ഇടപെടലുകൾ ജില്ലയിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയുമെന്ന് ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു.




ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന പരിപാടിയിൽ 2022-2024 വാർഷിക പദ്ധതി പ്രകാരം ബ്ലോക്കിലെ അഞ്ചു ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ച 'ഒത്തു ചേരാം നമുക്ക് മുമ്പേ നടന്നവർക്കായി' വയോജന സർവേ റിപ്പോർട്ട് ഡെപ്യൂട്ടി സ്പീക്കർ പ്രകാശനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന സെമിനാറിൽ പ്രസിഡന്റ് ബി എസ് അനീഷ് മോൻ അധ്യക്ഷനായി. ബ്ലോക്കിലെ വിവിധ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിഞ്ഞതായി പ്രസിഡന്റ് പറഞ്ഞു. മുൻ എംഎൽഎ കെ സി രാജഗോപാൽ, വൈസ് പ്രസിഡന്റ് അശ്വതി വിനോജ്, ക്ഷേമകാര്യ സ്റ്റാൻഡിഗ് കമ്മിറ്റി ചെയർപേഴ്സൺ ലാലി ജോൺ, അംഗങ്ങളായ പോൾ രാജൻ, രേഖാ അനിൽ, രജിത കുഞ്ഞുമോൻ, ജൂലി ദിലീപ്, ജോൺസൺ ഉള്ളന്നൂർ, സന്തോഷ് കുമാർ, ആസൂത്രണ സമിതി വൈസ് ചെയർമാൻ സജികുമാർ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരായ റോണി സക്കറിയ, പിങ്കി ശ്രീധർ തുടങ്ങിയവർ പങ്കെടുത്തു.

# ദേശീയ യൂനാനി ദിനാചരണം; മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

**കോഴിക്കോട്:** ദേശീയ യുനാനി ദിനാചാരണത്തിന്റെ ഭാഗമായി കേരള ആയുഷ് വകുപ്പും നാഷണൽ ആയുഷ് മിഷനും സംയുക്തമായി ജില്ലാ ആയുർവേദ ആശുപത്രിയിൽ ദേശീയ യുനാനി ദിനാചരണം നടത്തി. നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രൊജക്റ്റ് മാനേജർ ഡോ. അനിന എസ് ത്യാഗരാജ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. സുനികെ ദിനാചരണം ഉദ്ഘാടനം ചെയ്തു. ജില്ലാ ആയുർവേദ ആശുപത്രി സൂപ്രണ്ട് ഡോ. മേരി സെബാസ്റ്റ്യൻ, ജില്ലാ ആയുർവേദ ആശുപത്രി ചീഫ് മെഡിക്കൽ ഓഫീസർ ഡോ. യദുനന്ദൻ. കെ .പി, മെഡിക്കൽ ഓഫിസർ ഡോ. നിസാമുദ്ധീൻ നീരാട് എന്നിവർ സംസാരിച്ചു.

ആരോഗ്യ സംരക്ഷണം യുനാനിയിലൂടെ എന്ന വിഷയത്തിൽ ഡോ. അലി ഹസ്സൻ ശദ്ദാദ് ബോധവൽക്കരണ ക്ലാസും ക്വിസ്സ് മത്സരവും നടത്തി. ക്വിസ്സ് മത്സര വിജയികൾക്ക് ജില്ലാ മെഡിക്കൽ ഓഫീസർ സമ്മാനവിതരണം നിർവഹിച്ചു. ജില്ലാ ആയുർവേദ ആശുപത്രിയിലെ യുനാനി മെഡിക്കൽ ഓഫീസർ ഡോ. ജലീല.കെ.ആർ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് സൗജന്യ യുനാനി മെഡിക്കൽ ക്യാമ്പും മരുന്ന് വിതരണവും നടത്തി. ക്യാമ്പിൽ സ്ത്രീകളും പുരുഷൻമാരും കുട്ടികളും അടക്കം 86 പേർ പങ്കെടുത്തു.



# വളർത്തുമൃഗങ്ങളുടെ ചികിത്സക്ക് മൊബൈൽ ടെലിവെറ്ററിനറി യൂണിറ്റ്

**കൊല്ലം:** വളർത്തുമൃഗങ്ങളുടെ ചികിത്സക്ക് അത്യാധുനിക സൗകര്യങ്ങളോടെ ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ മൊബൈൽ ടെലിവെറ്ററിനറി യൂണിറ്റ് സജ്ജമായി. അടിയന്തര മൃഗചികിത്സാ സേവനം വീട്ടുമുറ്റത്തെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇതൊരുക്കിയത്. മൃഗങ്ങളെ ഉയർത്താനുള്ള ലിഫ്റ്റിങ് മെഷീൻ, പോർട്ടബിൾ എക്സ്റേ, അൾട്രാ സൗണ്ട് സ്കാനിങ്, ജീവൻരക്ഷാ മരുന്നുകൾ, ശസ്ത്രക്രിയ സൗകര്യങ്ങൾ എന്നിവയുൾപ്പെടെ ആംബുലൻസിൽ ലഭ്യമാണ്. രാവിലെ എട്ട് മുതൽ രാത്രി എട്ട് വരെയാണ് സേവനം. രണ്ട് വെറ്ററിനറി സർജൻമാർ, രണ്ട് അനിമൽ ഹാൻഡ്ലേഴ്സ് ഉൾപ്പെടെയുള്ള യൂണിറ്റ് രണ്ടു ഷിഫ്റ്റുകളിലായാണ് പ്രവർത്തിക്കുക. സേവനങ്ങൾക്കായി 1962 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിക്കാം.

ആംബുലൻസിന്റെ ഫ്ളാഗ് ഓഫ് മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. കെ. സിന്ധു നിർവഹിച്ചു. ജില്ലാ മൃഗാശുപത്രി മേധാവി ഡോ. ഡി. ഷൈൻകുമാർ, സീനിയർ വെറ്ററിനറി സർജൻമാരായ ഡോ. സുനു, ഡോ. ബി. സോജ എന്നിവർ സംസാരിച്ചു.

# സ്കൂൾ കുട്ടികൾക്ക് ഉല്ലസിക്കാൻ വർണക്കൂടാരം ഒരുങ്ങി

**കൊല്ലം:** ഇലഞ്ഞിക്കോട് ഗവ. കോഓപറേറ്റീവ് എൽ.പി സ്കൂളിൽ കുട്ടികൾക്ക് ഉല്ലസിക്കാൻ വർണക്കൂടാരം ഒരുങ്ങി. കുട്ടികളുടെ സർഗ, കലാ, ബൗദ്ധിക വികാസം ലക്ഷ്യമിട്ടുള്ള സംസ്ഥാന സർക്കാറിന്റെ പ്രത്യേക പദ്ധതി പ്രകാരം എഴുകോൺ ഗ്രാമപഞ്ചായത്തും സമഗ്രശിക്ഷ കേരളയും ചേർന്നാണ് 13 ഉല്ലാസ ഇടങ്ങൾ യാഥാർഥ്യമാക്കിയത്. മൂന്ന് ക്ലാസ് മുറികളാണ് ഇതിനായി നീക്കിവെച്ചത്. ധനകാര്യമന്ത്രി കെ.എൻ ബാലഗോപാൽ ഉദ്ഘാടനം നിർവഹിച്ചു.

കളിച്ചും പഠിച്ചും ചിന്തിച്ചും കുട്ടികൾക്ക് വളരാനുള്ള അവസരമാണ് വർണക്കൂടാരം പോലുള്ള പദ്ധതികളെന്നും പരസ്പര സ്നേഹത്തിന്റെയും സഹകരണത്തിന്റെ പാഠങ്ങളും ഇത് പകരുന്നുവെന്നും മന്ത്രി പറഞ്ഞു. കുട്ടികളുടെ വിവിധ തരത്തിലുള്ള കഴിവുകൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അവരുടെ അനുഭവങ്ങളും പഠിക്കുന്ന കാര്യങ്ങളും പ്രകടിപ്പിക്കാൻ അവസരമൊരുക്കുകയെന്നത് പ്രധാനമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സ്കൂൾ വാർഷികാഘോഷത്തിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ബിജു എബ്രഹാം അധ്യക്ഷത വഹിച്ചു. ജില്ലാ പ്രോജക്ട് കോഓർഡിനേറ്റർ സജീവ് തോമസ് പദ്ധതി വിശദീകരിച്ചു. പ്രധാനാധ്യാപിക പി. സിന്ധു റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് അംഗം അഡ്വ. സുമ ലാൽ, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഭിലാഷ്, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് വി. സുഹർബാൻ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ ടി.ആർ ബിജു, സുനിൽ കുമാർ, ബീന മാമച്ചൻ, മറ്റു ജനപ്രതിനിധികൾ, വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

അധ്യാപകരുടെയും രക്ഷിതാക്കളുടെയും സംഗീത വിരുന്ന്, പൂർവ വിദ്യാർഥികളുടെ യോഗാ നൃത്തം, കുട്ടികളുടെ കലാവിരുന്ന് എന്നിവയും പരിപാടിയോടനുബന്ധിച്ച് അരങ്ങേറി.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ശാസ്ത്രത്തിന്റെ ജനകീയവത്കരണം കാലത്തിന്റെ ആവശ്യം: മുഖ്യമന്ത്രി പിണറായി വിജയൻ

## സയന്റിസ്റ്റ് കോൺക്ലേവും വിവിധ പദ്ധതികളും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** ശാസ്ത്രത്തിന്റെ ജനകീയവത്കരണം കാലത്തിന്റെ ആവശ്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ശാസ്ത്ര മനോഭാവം വളർത്തിയെടുക്കാനുള്ള കാര്യക്ഷമമായ ഉപാധിയും ശാസ്ത്രത്തിന്റെ ജനകീയ വത്കരണമാണെന്ന് കോഴിക്കോട് കുന്ദമംഗലം സിഡബ്ല്യുആർഡിഎമ്മിൽ സംഘടിപ്പിച്ച ശാസ്ത്രജ്ഞരുമായുള്ള മുഖാമുഖം ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞു. ശാസ്ത്ര മുന്നേറ്റത്തിനായുള്ള കാര്യക്ഷമമായ ഇടപെടൽ നടത്തിയിട്ടും സമൂഹത്തിന്റെ ശാസ്ത്ര മനോഭാവം ഉയരുന്നതായി കാണുന്നില്ല. നരബലി പോലുള്ള അന്ധവിശ്വാസങ്ങൾ സമൂഹത്തിൽ ഇന്നും നടക്കുന്നു. ശാസ്ത്ര സംബന്ധമായ അറിവുകൾ പലപ്പോഴും അക്കാദമിക തലങ്ങളിൽ മാത്രമായി ഒതുങ്ങുന്നു എന്നത് ശാസ്ത്രലേകം ഗൗരവമായി ഏറ്റെടുക്കേണ്ട കാര്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെഎസ്‌സിഎസ്ടിഇ)ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിലെ അതിഥി ഗൃഹട്രെയിനി ഹോസ്റ്റൽ സമുച്ചയത്തിന്റെയും കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് സ്റ്റുഡന്റ് ഹോസ്റ്റലിന്റെ ശിലാസ്ഥാപനവും പിടിഎ എം എൽഎയുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ജലശേഖരണവിവര വിനിമയ കേന്ദ്രത്തിന്റെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവ്വഹിച്ചു.

ശാസ്ത്രം ശാസ്ത്ര മേഖലയിലെ വിദ്യാർഥികൾക്കും ഗവേഷകർക്കും മാത്രമുള്ളകതാണ് എന്ന ചിന്താഗതി പൊളിച്ചെഴുതണം. ജനകീയ കലകൾ പോലെ ഏവർക്കും പ്രാപ്യമാകുന്ന വിധം ശാസ്ത്രം പ്രചരിപ്പിക്കുക എന്ന ശ്രമകരമായ ദൗത്യം ഏറ്റേടുക്കാൻ ശാസ്ത്രസമൂഹത്തിന് കഴിയണം. സമൂഹത്തിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളെയും ചർച്ചകളെയും വസ്തുതയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി സമീപിക്കാൻ ഉത്തരവാദിത്തപ്പെട്ടവർക്കുപോലും കഴിയാതെ പോകുന്നു. ശാസ്ത്രം പ്രചരിപ്പിക്കുകയെന്നത് പൊതുബോധത്തെ രൂപപ്പെടുത്തുന്നതിന്റെ ഭാഗം കൂടിയാണെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

വിവരങ്ങളും അറിവുകളും പകർന്നു നൽകേണ്ട മാധ്യമങ്ങൾ പോലും ശാസ്ത്ര പ്രചാരണത്തോട് മുഖം തിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഗൗരവമുള്ള ശസ്ത്ര പരിപാടികൾ വിദേശ ചാനലുകളും ദൂരദർശനും ഒരുകാലത്ത് സംപ്രേഷണം ചെയ്തിരുന്നു. എന്നാൽ ഇന്ന് അത്തരം പരിപാടികൾ കാണാനാകുന്നില്ല. അതേസമയം അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുന്ന പരിപാടികൾക്ക് സമയവും സ്ഥലവും നൽകാൻ മാധ്യമങ്ങൾ മടികാണിക്കുന്നില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. ശാസ്ത്രാവബോധം വർദ്ധിപ്പിക്കാനുതകുന്ന പരിപാടികൾ കൊണ്ടുവരാൻ മാധ്യമങ്ങളും അവയ്ക്ക് നേതൃത്വം നൽകാൻ ശാസ്ത്രജ്ഞരും മുന്നോട്ടുവരണമെന്നും അദ്ദേഹം പറഞ്ഞു.

ശാസ്ത്രത്തെ മനുഷ്യനന്മയ്ക്കും സാമൂഹിക പുരോഗതിയ്ക്കുമുള്ള ഉപാധിയായി ഉപയോഗിക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. ശാസ്ത്രവളർച്ചയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രഥമ പരിഗണനയാണ് സർക്കാർ നൽകുന്നത്. ബയോ ലൈഫ്സയൻസ് പാർക്കും രാജ്യത്ത് തന്നെ ആദ്യമായി ഡിജിറ്റൽ സർവകലാശാലയും സ്ഥാപിക്കാനായി. ഡിജിറ്റൽ സയൻസ് പാർക്ക്, ഗ്രാഫീൻ റിസർച്ച് സെന്റർ എന്നിവയുൾപ്പെടെ സംസ്ഥാനത്ത് നാല് സയൻസ് പാർക്കുകൾ സ്ഥാപിക്കാനാണ് പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ശാസ്ത്രഗവേഷണത്തിനും ശാസ്ത്രപഠനത്തിനും അനിവാര്യമായ അന്തരീക്ഷം സൃഷ്ടിക്കുകയെന്നത് സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നയമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

സിഡബ്ല്യുആർഡിഎംൽ പുതുതായി നിർമ്മിച്ച പ്രവേശന കവാടത്തിന്റെ ഉദ്ഘാടനം പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് നിർവഹിച്ചു. സാങ്കേതിക വിദ്യ ഇത്രയധികം വികസിച്ച ലോകത്ത് ശാസ്ത്രത്തിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കാനുള്ള ബോധപൂർവ്വമായ ഇടപെടലുകൾ ആവശ്യമാണെന്ന് മന്ത്രി പറഞ്ഞു. അന്തവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായുള്ള തിരുത്തൽ ശക്തിയായി ശാസ്ത്രത്തെ മാറ്റാനുള്ള കൂട്ടായ പ്രവർത്തനം ആവശ്യമാണെന്നും മന്ത്രി പറഞ്ഞു.

പുതുതായി തയ്യാറാക്കിയ എക്സിബിഷൻ ഹാളിന്റെ ഉദ്ഘാടനം എം കെ രാഘവൻ എം പി നിർവ്വഹിച്ചു. ചടങ്ങിൽ പി ടി എ റഹീം എം എൽഎ അധ്യക്ഷത വഹിച്ചു. മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ് പത്മശ്രീ എം സി ദത്തൻ, സയൻസ് ആൻഡ് ടെക്നോളജി വകുപ്പ് എക്സ് ഒഫീഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി ആൻഡ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഡോ. കെ പി സുധീർ, സിഡബ്ല്യുആർഡിഎം എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. മനോജ് പി സാമുവൽ, കെഎസ്‌സിഎസ്ടിഇ മെമ്പർ സെക്രട്ടറി പ്രൊഫ. എ സാബു, കുന്ദമംഗലം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അനിൽകുമാർ, ബ്ലോക്ക് ഗ്രാമപഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ലാഭം വർധിപ്പിക്കുക ലക്ഷ്യം: മന്ത്രി ജെ. ചിഞ്ചുറാണി

**കൊല്ലം:** കർഷകരുടെ ഉൽപ്പന്നങ്ങൾ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനികൾ മുഖേന വിപണനം നടത്താൻ അവസരമൊരുക്കിയാൽ വലിയ മാറ്റമുണ്ടാകുമെന്ന് മൃഗസംരക്ഷണക്ഷീര വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി. കടയ്ക്കൽ ഫാർമർ പ്രൊഡ്യൂസർ കമ്പനി നിറകതിർ പദ്ധതി കൊയ്ത്തുത്സവം തുടയൂർ അരത്തകണ്ഠപ്പൻ ക്ഷേത്രം പാടശേഖരത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. കോർപറേറ്റുകൾ ഇടനിലക്കാരായി വിപണനം നടത്തുന്നതിനാൽ കർഷകർക്ക് വേണ്ടത്ര ലാഭം ലഭിക്കാത്ത സാഹചര്യം ഒഴിവാക്കുകയാണ് ലക്ഷ്യം. കേരളത്തിൽ തരിശുനിലങ്ങൾ ഏറെയുള്ളതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഒഴിഞ്ഞുകിടക്കുന്ന മുഴുവൻ നിലങ്ങളിലും കൃഷിചെയ്യുക എന്ന തീരുമാനത്തിലേക്ക് സർക്കാർ എത്തിയത്. ആദ്യഘട്ടമായി കേരളത്തിലെ കുടുംബശ്രീ പ്രവർത്തകരെ ഇതിനായി ഉപയോഗപ്പെടുത്തി. ഇനിയും വ്യത്യസ്ത പദ്ധതികൾ കേന്ദ്രസംസ്ഥാന സർക്കാറുകളുടെ നേതൃത്വത്തിൽ വരാനുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലതിക വിദ്യാധരൻ അധ്യക്ഷയായി. കടക്കൽ ഫാം ഹൗസ് പ്രൊഡ്യൂസേഴ്സ് കമ്പനി ചെയർമാൻ ജെ.സി. അനിൽ, ഇട്ടിവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി. അമൃത, അസോസിയേഷൻ ഫോർ കേരള റൂറൽ ഡെവലപ്മെന്റ് ചെയർമാൻ ഡോ. നടയ്ക്കൽ ശശി, കൊട്ടാരക്കര കാർഡ് ബാങ്ക് ചെയർമാൻ കൊല്ലായിൽ സുരേഷ്, കെ.പി.സി ഡയറക്ടറും കുമ്മിൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായ കെ. കൃഷ്ണപിള്ള, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഗിരിജമ്മ, ലൈബ്രറി കൗൺസിൽ ജോയന്റ് സെക്രട്ടറി പ്രൊഫ. ശിവദാസൻ പിള്ള, ഗ്രാമപഞ്ചായത്ത് അംഗം അഭിജിത്ത് അശോകൻ തുടങ്ങിയവർ പങ്കെടുത്തു.



# മണക്കുളങ്ങര സംഭവം: സർക്കാർ ശക്തമായ നിയമ നടപടി സ്വീകരിക്കുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ

**കൊയിലാണ്ടി:** കുറുവങ്ങാട് ശ്രീ മണക്കുളങ്ങര ഭഗവതി ക്ഷേത്രത്തിൽ ഉത്സവത്തിനിടെ കഴിഞ്ഞ ദിവസം ആന ഇടഞ്ഞ് മൂന്ന് പേർ മരിച്ച സംഭവത്തിൽ സർക്കാർ ശക്തമായ നിയമ നടപടികളുമായി മുന്നോട്ടുപോകുമെന്ന് വനംവന്യജീവി സംരക്ഷണ വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ. അപകടം നടന്ന ക്ഷേത്രപരിസരം സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി.

കഴിഞ്ഞ ദിവസം സമർപ്പിച്ച റിപ്പോർട്ട് അനുസരിച്ച് നാട്ടാന പരിപാലന ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച സംഭവച്ചിട്ടുണ്ടെന്നും വെടിക്കെട്ട് സംബന്ധിച്ച് വേണ്ടത്ര ശ്രദ്ധ കാണിച്ചില്ലെന്ന് ജില്ലാ ഭരണകൂടവും അഭിപ്രായം പ്രകടപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിയമപരമായി നടപടി സ്വീകരിക്കാനാണ് സർക്കാർ തീരുമാനമെന്ന് മന്ത്രി ശശീന്ദ്രൻ പറഞ്ഞു.

പരിക്കേറ്റവരുടെ കാര്യത്തിൽ ക്ഷേത്ര ഭാരവാഹികൾ ശ്രദ്ധചെലുത്തുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ടെന്നും സംഭവത്തിൽ മരിച്ചവരുടെ വീട്ടുകാരുടെ ദുഖത്തിൽ താനും സർക്കാരും പങ്ക് ചേരുന്നുവെന്നും അദ്ദേഹം പറഞ്ഞു. മറ്റു കാര്യങ്ങൾ മന്ത്രിതലത്തിൽ ആലോചിച്ച് തീരുമാനിക്കും. അന്വേഷണത്തിനൊടുവിൽ കുറ്റവാളികളെ കണ്ടെത്തിയാൽ കർശന നടപടി സ്വീകരിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ക്ഷേത്രം കമ്മിറ്റി ഭാരവാഹികളും ജനപ്രതിനിധികളുമായി സംസാരിച്ച ശേഷം അപകടത്തിൽ മരണപ്പെട്ട മൂന്നുപേരുടെ വീടുകൾ സന്ദർശിച്ച് കുടുംബാംഗങ്ങളെ മന്ത്രി ആശ്വസിപ്പിച്ചു. കുറുവങ്ങാട് വട്ടാംകണ്ടി താഴെക്കുനി ലീല, താഴത്തേടത്ത് അമ്മുക്കുട്ടി അമ്മ, വടക്കയിൽ രാജൻ എന്നിവരുടെ വീടാണ് സന്ദർശിച്ചത്. ക്ഷേത്രത്തിലെ തകർന്ന കെട്ടിടവും ക്ഷേത്ര പരിസരവും മന്ത്രി സന്ദർശിച്ചു.

മന്ത്രിയ്ക്കൊപ്പം നഗരസഭ ചെയർപേഴ്സൺ സുധ കിഴക്കേപ്പാട്ട്, നഗരസഭ സ്ഥിരം സമിതി അധ്യക്ഷൻ കെ ഷിജു, ബ്ലോക്ക് പഞ്ചായത്ത് അംഗം കെ ടി എം കോയ, നഗരസഭ കൗൺസിലർമാരായ സി പ്രഭ, പി ബി ബിന്ദു എന്നിവരുമുണ്ടായിരുന്നു.

# ഉന്നത വിദ്യാഭ്യാസ മേഖലയെ ആഗോള തലത്തിലേക്ക് ഉയർത്താനായെന്ന് മന്ത്രി

**കൊച്ചി:** കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രകടനം വസ്തുനിഷ്ഠമായി വിലയിരുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതായി മാറിയെന്ന് മന്ത്രി ബിന്ദു. എറണാകുളം സെന്റ് തെരേസാസ് കോളജിൽ പ്രഥമ ഉന്നത വിദ്യാഭ്യാസ പുരസ്കാരങ്ങൾ വിവിധ സർവകലാശാലകൾക്കും കോളജുകൾക്കും സമ്മാനിക്കുകയായിരുന്നു ബിന്ദു.

നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയെ ആഗോള തലത്തിലേക്കു എത്തിക്കുന്നതിൽ സംസ്ഥാന സർക്കാർ തന്ത്രപരമായ ഇടപെടലുകളാണ് സ്വീകരിച്ചു വരുന്നത്. ദേശീയ രാജ്യാന്തര റാങ്കിംഗിൽ കേരളത്തിൽ നിന്നുള്ള സ്ഥാപനങ്ങൾ സ്ഥിരമായി ഇടംപിടിക്കുന്നുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (NIRF), ഗ്ലോബൽ തുടങ്ങിയ അഭിമാനകരമായ റാങ്കിംഗുകൾ അക്രഡിറ്റേഷൻ സംവിധാനങ്ങൾ തുടങ്ങിയ നേട്ടങ്ങൾ നമ്മുടെ അചഞ്ചലമായ പ്രതിബദ്ധതയുടെ തെളിവാണെന്ന് ബിന്ദു ചൂണ്ടിക്കാട്ടി.

നൈപുണ്യമുള്ള വിദ്യാർഥികളെ ചലനാത്മകമായ ആഗോള വെല്ലുവിളികൾ നേരിടാൻ സജ്ജരാക്കുകയാണ് സംസ്ഥാന സർക്കാർ. സാങ്കേതിക നവീകരണവും വിദ്യാഭ്യാസത്തിലെ പ്രവേശന ക്ഷമതയും താങ്ങാനാവുന്ന സാമ്പത്തിക സ്ഥിതിയും ഒരു മുൻഗണനയായി തുടരുകയും ചെയ്യുന്നുണ്ട്. വിവിധ സ്കോളർഷിപ്പുകളും, പദ്ധതികളും സാമ്പത്തിക പരിമിതിയുള്ള വിദ്യാർഥികളെ തരപ്പെടുത്തുന്നില്ലെന്നു ഉറപ്പാക്കുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി.

മുഖ്യമന്ത്രിയുടെ പി ഡി എഫ് വിദ്യാർഥി പ്രതിഭ പുരസ്കാരം, ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ ഇതിൽ പ്രധാനമാണ്. സ്ഥാപനങ്ങളെയും വിദ്യാർഥികളെയും പിന്തുണയ്ക്കുന്നതിനായി പൊതുമേഖല സ്ഥാപനങ്ങളുടെ സി എസ് ആർ ഫണ്ടുകൾ ഉൾപ്പടെയുള്ള വിഭവങ്ങൾ സമാഹരിക്കാനും ലക്ഷ്യമിടുന്നതായും മന്ത്രി പറഞ്ഞു. സംസ്ഥാനതല റാങ്കിങ് സംമ്പ്രദായത്തിൽ എഴുത്ത്, ഗവേഷണം, അധ്യാപനം, പഠനം തുടങ്ങിയ പ്രധാന സൂചകങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിനു പുറമേ പരിസ്ഥിതി, തൊഴിലസരം, സാമൂഹികാഘാതം എന്നിവയും ഉൾപ്പെടുത്തിയത് നിരന്തരമായ മെച്ചപ്പെടുത്തലിനും കൂടുതൽ വലിയ ഉൾക്കാഴ്ചകൾ ലഭിക്കുന്നതിന് പ്രചോദകമാക്കുകയും ചെയ്യുമെന്ന് ബിന്ദു ചൂണ്ടിക്കാട്ടി.

ചടങ്ങിൽ നാക് മുൻ ഡയറക്ടർ രംഗനാഥ് എച്ച് അന്നേ ഗൗഡ, ഇഷിത റോയ്, ഉന്നത വിദ്യാഭ്യാസ കൗൺസിൽ സെക്രട്ടറി ഡോ. രാജൻ വറുഗീസ്, സെന്റ് തെരേസാസ് പ്രിൻസിപ്പാൾ ഡോ. അൽഫോൻസ വിജയ് ജോസഫ്, കോളജ് ഡയറക്ടർ സിസ്റ്റർ ടെസ്സ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ രജിസ്ട്രാർ പി.എസ്. വനജ എന്നിവർ പങ്കെടുത്തു.



# നെൽകൃഷി അവസാനിപ്പിച്ച് മത്സ്യകൃഷി മാത്രമായി പാടശേഖരങ്ങൾ

**തുറവൂർ:** ചേർത്തല താലൂക്കിന്റെ വടക്കൻ മേഖലകളിലെ നെൽകൃഷി പൂർണമായും നിലച്ച് മത്സ്യകൃഷി മാത്രമായി മാറിയിരിക്കുകയാണ്. എല്ലാ പഞ്ചായത്തുകളിലും പദ്ധതി രേഖകളിൽ മാത്രമായി നെൽകൃഷി മാറുകയാണ്. എല്ലാവർഷവും ഓരോ പഞ്ചായത്തും ലക്ഷക്കണക്കിന് രൂപയാണ് പ്രദേശത്തെ നെൽകൃഷിക്കായി പദ്ധതി രേഖയിൽ ഉൾക്കൊള്ളിക്കുന്നത്.

നെല്പാടം ഒരുക്കുന്നതിന് തുക, കള പറിക്കുന്നതിനു തുക, നെല്ല് വിതയ്ക്കുന്നതിന് തുക, ഇത് പരിപാലിക്കുന്നതിന് തുക തുടങ്ങി തുടക്കം മുതൽ ഒടുക്കം വരെ നെൽകൃഷിക്കായി പഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ തുക വകയിരുത്തുമെങ്കിലും ഇപ്പോഴും പാടശേഖരങ്ങൾ നെൽകൃഷി നടത്താതെ മത്സ്യകൃഷി മാത്രമായി മാറിയിരിക്കുകയാണ്.

വയലാർ, കടക്കരപ്പള്ളി, പട്ടണക്കാട്, തുറവൂർ, കുത്തിയതോട്, കോടംതുരുത്ത്, എഴുപുന്ന, അരൂർ പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന ആയിരക്കണക്കിന് ഏക്കർ പാടശേഖരമാണ് നെൽകൃഷി അവസാനിപ്പിച്ച് മത്സ്യകൃഷി മാത്രമായി മാറ്റിയിരിക്കുന്നത്.

മന്ത്രിമാർ ഉൾപ്പെടെയുള്ളവർ നെൽകൃഷി വികസനത്തിനായി നിരവധി പദ്ധതികൾ പ്രഖ്യാപിക്കുമ്പോഴും ഒന്നും നടപ്പിലാകുന്നില്ലെന്നതാണ് സത്യം. നിലവിൽ ത്രിതല പഞ്ചായത്തുകൾക്കും നെൽകൃഷി നടത്തുന്നതിനോട് താത്പര്യം ഇല്ലാത്ത അവസ്ഥയാണ്.

ഓരോ വർഷവും പേരിനു മാത്രം ചില പാടങ്ങളിൽ കൃഷിയിറക്കി സർക്കാർ പണം തട്ടുന്നതല്ലാതെ കർഷക സംഘങ്ങളും നെൽകൃഷി വികസനത്തിനായി ഒന്നും ചെയ്യുന്നില്ല.

വർഷാവർഷം പാടശേഖരങ്ങൾ ലേലം ചെയ്ത് മത്സ്യകൃഷിക്കായി പാടങ്ങൾ മത്സ്യമാഫിയായ്ക്ക് നൽകുന്ന പണി മാത്രമാണ് കർഷക സംഘങ്ങൾക്കും പാടശേഖരക്കമ്മിറ്റിക്കും ഉള്ളതെന്ന് കർഷകർ പറയുന്നു. നെൽകൃഷി നടത്താത്ത പാടങ്ങളിൽ മത്സ്യകൃഷി അനുവദിക്കുകയില്ലാ എന്ന് ജില്ലാ ഭരണകൂടം ഇറക്കിയ ഉത്തരവിനും പേപ്പറിൻറെ വില പോലും ഇല്ലാത്ത അവസ്ഥയാണ്.

ഉദ്യോഗസ്ഥ, രാഷ്ട്രീയ, മത്സ്യ മാഫിയാ സംഘങ്ങളാണ് പാടശേഖരങ്ങൾ നിയന്ത്രിക്കുന്നതും നെൽകൃഷി അട്ടിമറിച്ച് മത്സ്യകൃഷി മാത്രമായി മാറ്റിയതും. ആയിരക്കണക്കിന് ടൺ നെല്ല് ഉത്പാ ദിപ്പിച്ചിരുന്ന പാടശേഖരങ്ങൾ ഇന്ന് ഒരു നെല്ലു പോലും ഉത്പാദിപ്പിക്കാതെ തരിശാക്കി മാറ്റിയിരിക്കുകയാണ്.

വലിയ കൂലിയും തൊഴിലാളികളെ ലഭ്യമല്ലാത്തതും ഭാരിച്ച ചെലവുമാണ് കർഷകരെ കൃഷിയിൽനിന്ന് അകറ്റുന്നത്.

പ്രദേശത്തെ മുഴുവൻ പാടശേഖരങ്ങളും കുട്ടനാടൻ കർഷകർക്ക് നൽകിയെങ്കിലും ഇവിടെ നെല്ല് ഉത്പാദിപ്പിക്കാനുള്ള നടപടിയുണ്ടാകണമെന്ന ആവശ്യം ശക്തമാവുകയാണ്.

# പ്രഥമ കെഐആർഎഫ് റാങ്കിങ് തിളക്കത്തിൽ കുസാറ്റ്; വൈസ് ചാൻസലർ പുരസ്കാരം ഏറ്റുവാങ്ങി

**കൊച്ചി:** എൻഐആർഎഫ് മാതൃകയിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്കു ചെയ്യുന്ന പ്രഥമ കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിൽ (കെഐആർഎഫ്) ഒന്നാം റാങ്ക് നേടിയ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയെ പ്രതിനിധീകരിച്ച് വൈസ് ചാൻസലർ ഡോ. എം ജുനൈദ് ബുഷിരി മന്ത്രി ബിന്ദുവിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങി. എറണാകുളം സെന്റ് തെരേസാസ് കോളജിൽ നടന്ന ചടങ്ങിലാണ് മന്ത്രി പ്രഥമ ഉന്നത വിദ്യാഭ്യാസ പുരസ്കാരം സമ്മാനിച്ചത്.




കേരള സർക്കാരും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും ചേർന്ന് ഏർപ്പെടുത്തിയ കെഐആർഎഫ് റാങ്കിങ് ഇന്ത്യയിൽ ഒരു സംസ്ഥാനം തുടക്കമിടുന്ന ഇത്തരത്തിലെ ആദ്യ റാങ്കിങ് സംവിധാനമാണ്.

നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ മുഖേന വിദ്യാഭ്യാസ മന്ത്രാലയം പ്രഖ്യാപിക്കുന്ന എൻഐആർഎഫ് റാങ്കിംഗിന്റെ മാതൃകയിൽ വിഭാവനം ചെയ്ത സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെഐആർഎഫ് റാങ്കിംഗ് അക്കാദമിക് മികവിന്റെ അടിസ്ഥാനത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയവും അന്തർദേശീയവുമായ റാങ്കിംഗ് മെച്ചപ്പെടുത്താനും ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുവാനും സഹായമാകാനാണ് കെഐആർഎഫ് റാങ്കിങ് സംവിധാനം ലക്ഷ്യമിടുന്നത്.

സർവ്വകലാശാലാ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ കുസാറ്റ് അദ്ധ്യാപനം, പഠനവും വിഭവശേഷിയും, വിജ്ഞാന വ്യാപനവും ഗവേഷണ മികവും, ബിരുദഫലം , ഔട്ട്റീച്ച് ആൻഡ് ഇൻക്ലൂസിവിറ്റി , സയന്റിഫിക് ടെമ്പർ ആൻഡ് സെക്യുലർ ഔട്ട്ലുക്ക്, എന്നിങ്ങനെ അഞ്ച് വിശാലമായ പാരാമീറ്ററുകളിലായി യഥാക്രമം 93.32, 97, 82, 60.96, 43 പോയിന്റുകൾ നേടി.

ലോകമെമ്പാടുമുള്ള 1,744 സ്ഥാപനങ്ങളുടെ ക്യുഎസ് സുസ്ഥിരതാ റാങ്കിംഗിൽ 2025ൽ കുസാറ്റ് ആദ്യ ആയിരം പേരിൽ ഇടം നേടിയത് ഈയിടെയാണ്. ഈ വർഷം പ്രസിദ്ധീകരിച്ച 2024ലെ ഇന്ത്യാ ടുഡേ റാങ്കിങ്ങിൽ രാജ്യത്ത് ഏഴാം സ്ഥാനവും, എൻഐആർഎഫ് റാങ്കിങ്ങിൽ ഇന്ത്യൻ സർവകലാശാലകളുടെ പട്ടികയിൽ 34-ാം സ്ഥാനവും, ടൈംസ് ഹയർ എജ്യുക്കേഷൻ ഇന്റർ ഡിസിപ്ലിനറി സയൻസ് റാങ്കിംഗിൽ ഇന്ത്യയിൽ 27-ാം സ്ഥാനവും കുസാറ്റ് നേടിയിരുന്നു.ചടങ്ങിൽ നാക് മുൻ ഡയറക്ടർ രംഗനാഥ് എച്ച് അന്നേ ഗൗഡ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രിൻസിപ്പൽ സെക്രട്ടറി ഇഷിത റോയ്, ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വറുഗീസ്, കുസാറ്റ് രജിസ്ട്രാർ ഡോ. എ യു അരുൺ എന്നിവർ പങ്കെടുത്തു.

# ദേശീയ വനിതാ മാധ്യമപ്രവർത്തക കോൺക്ലേവ് ഇന്ന്

**തിരുവനന്തപുരം:** ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് രാജ്യത്തെ പ്രമുഖ വനിതാ മാധ്യമ പ്രവർത്തകരെ പങ്കെടുപ്പിച്ച് ഫെബ്രുവരി 18, 19 തീയതികളിലായി തലസ്ഥാനത്ത് ദേശീയ വനിതാ മാധ്യമ പ്രവർത്തക കോൺക്ലേവ് സംഘടിപ്പിക്കുന്നു. ദ്വിദിന കോൺക്ലേവിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 11.30 ന് മാസ്കറ്റ് ഹോട്ടലിൽ മുഖ്യമന്ത്രി നിർവഹിക്കും.

വി കെ പ്രശാന്ത് എംഎൽ.എ അദ്ധ്യക്ഷനാകുന്ന ചടങ്ങിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് മുഖ്യാതിഥിയാകും. പ്രമുഖ പത്രപ്രവർത്തകയായിരുന്ന എം ഹലീമാബീവിയെക്കുറിച്ച് വകുപ്പ് തയ്യാറാക്കിയ ഹ്രസ്വചിത്രം മന്ത്രി പ്രകാശനം ചെയ്യും. മേയർ ആര്യാ രാജേന്ദ്രനും മാധ്യമ പ്രവർത്തക മായാ ശർമയും മുഖ്യപ്രഭാഷണം നടത്തും. കേരള മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു, കെ.യു.ഡബ്ല്യു.ജെ. സംസ്ഥാന പ്രസിഡന്റ് റെജി കെ പി, തിരുവനന്തപുരം ജില്ലാ സെക്രട്ടറി അനുപമ ജി നായർ എന്നിവർ ആശംസകൾ അർപ്പിക്കും. വൈസ് പ്രസിഡന്റ് പി എം കൃപ, സംസ്ഥാന സെക്രട്ടറി ബിനിത ദേവസി എന്നിവർ സന്നിഹിതരാകും. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സെക്രട്ടറി എസ് ഹരികിഷോർ സ്വാഗതം ആശംസിക്കുന്ന ചടങ്ങിൽ വകുപ്പ് ഡയറക്ടർ ടി വി സുഭാഷ് നന്ദി പറയും.

മാസ്കറ്റ് ഹോട്ടലിലെ കോൺക്ലേവിന്റെ ഉദ്ഘാടനത്തിനു ശേഷം ടാഗോർ തിയേറ്ററിൽ പാനൽ ചർച്ചകളും ചാറ്റ് സെഷനുകളും നടക്കും. ആദ്യ ദിനം ഉച്ചക്ക് 2.30 മുതൽ വാർത്തകളിലെ സ്ത്രീ, മാധ്യമങ്ങളിലെ ലിംഗസമത്വം എന്നീ വിഷയങ്ങളിൽ നടക്കുന്ന പാനൽ ചർച്ചകൾക്കുശേഷം വൈകിട്ട് കലാ സന്ധ്യയും അരങ്ങേറും. രണ്ടാം ദിനത്തിൽ നടക്കുന്ന സാമൂഹ്യ മാധ്യമങ്ങളിലെ സ്ത്രീ എന്ന വിഷയത്തിലെ പാനൽ ചർച്ചയ്ക്കു ശേഷം ചാറ്റ് സെഷനുകൾ നടക്കും. റാണ അയൂബ്, ലീന രഘുനാഥ്, മായാ ശർമ, മീന കന്ദസ്വാമി, അനിത പ്രതാപ് ഉൾപ്പെടെയുള്ളവർ പങ്കെടുക്കും. കേരളത്തിൽ നിന്നുള്ള പ്രമുഖ മാധ്യമ പ്രവർത്തകരും പാനൽ ചർച്ചകളിൽ പങ്കെടുക്കും. സംസ്ഥാനത്തെ മാധ്യമസ്ഥാപനങ്ങളിൽ നിന്നുള്ള മാധ്യമ പ്രവർത്തകരും, അനുബന്ധ മേഖലയിലുള്ളവരും വിദ്യാർഥികളും കോൺക്ലേവിൽ പ്രതിനിധികളായെത്തും.

കോൺക്ലേവിനോടനുബന്ധിച്ച് വനിതാ മാധ്യമ പ്രവർത്തകരുടേയും ഫോട്ടോഗ്രാഫർമാരുടേയും ഫോട്ടോകളുടെ പ്രദർശനം ടാഗോർ തീയേറ്ററിൽ നടക്കും. ഫെബ്രുവരി 19ന് കോൺക്ലേവ് സമാപിക്കും.

# ചേർത്തല, തോപ്പുംപടി എന്നിവിടങ്ങളിലേക്ക് കെഎസ്ആർടിസി സർവീസുകൾ പുനരാരംഭിച്ചു




**ആലപ്പുഴ:** വയലാർ ഗ്രാമപഞ്ചായത്ത് നിവാസികളുടെ ഏറെ നാളത്തെ കാത്തിരിപ്പിന് വിരാമം കുറിച്ചുകൊണ്ട് വയലാർവഴി ആലപ്പുഴയിലേക്കും കളവംകോടംവഴി തോപ്പുംപടിയിലേക്കുമുള്ള രണ്ട് കെഎസ്ആർടിസി സർവീസുകൾ പുനരാരംഭിച്ചു. സർവീസുകളുടെ ഫ്ലാഗ് ഓഫ് ചേർത്തല കെഎസ്ആർടിസി സ്റ്റാൻഡിൽ കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിച്ചു.

ചേർത്തലയിൽ നിന്ന് രാവിലെ 8.10 ന് പുറപ്പെട്ട് വയലാർ എട്ടുപുരക്കലിൽ എത്തി തിരിച്ച് 8.40 ന് ചേർത്തല കെ എസ് ആർ ടി സി സ്റ്റാൻഡ് വഴി ആലപ്പുഴയ്ക്ക് പോകുന്നതാണ് ഒരു സർവീസ്. ചേർത്തലയിൽ നിന്നും രാവിലെ 6.20 ന് പുറപ്പെട്ട് കളവംകോടം വളമംഗലം വഴി തോപ്പുംപടിക്ക് എത്തിച്ചേരുന്നതാണ് മറ്റൊരു സർവീസ്. വയലാറിൽ നിന്ന് കെഎസ്ആർടിസി സ്റ്റാൻഡിലേക്കെത്തുവാൻ മറ്റു മാർഗ്ഗങ്ങളില്ലാതെ വലയുകയായിരുന്ന വയലാർ നിവാസികൾക്കും ജോലി ആവശ്യങ്ങൾക്കും മറ്റുമായി തോപ്പുംപടിയിൽ പോകേണ്ട യാത്രക്കാർക്കും സർവീസുകൾ പുനരാരംഭിച്ചതോടെ പ്രയോജനം ലഭിക്കും.

ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ എസ് ശിവപ്രസാദ്, ചേർത്തല നഗരസഭ ചെയർപേഴ്സൺ ഷേർളി ഭാർഗവൻ, വയലാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഓമന ബാനർജി, ചേർത്തല നഗരസഭ വൈസ് ചെയർമാൻ ടി എസ് അജയകുമാർ, വയലാർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എം ജി നായർ, സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷൻ യു ജി ഉണ്ണി, പഞ്ചായത്തംഗം ദീപക് ബി ദാസ് തുടങ്ങിയവർ പങ്കെടുത്തു.

# കുട്ടികൾക്ക് സൗജന്യ കേൾവി പരിശോധന: രജിസ്ട്രേഷൻ ആരംഭിച്ചു

**കൊച്ചി:** ലോക കേൾവി ദിനത്തോടനുബന്ധിച്ച് ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ് (ഐഎപി) കൊച്ചിൻ ചാപ്റ്റർ ചൈൽഡ് കെയർ സെന്ററുമായി സഹകരിച്ച് കുട്ടികൾക്കും നവജാത ശിശുക്കൾക്കുമായി മാർച്ച് ഒന്നിന് സൗജന്യ കേൾവി പരിശോധന ക്യാംപ് സംഘടിപ്പിക്കും. പനമ്പിള്ളി നഗറിലെ ചൈൽഡ് കെയർ സെന്റർ റോട്ടറി ബാലഭവനിൽ രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ നടക്കുന്ന ക്യാംപിൽ ഒഎഇ, ബിഇആർഎ, പിടിഎ തുടങ്ങിയ പരിശോധനകൾ സൗജന്യമായി നടത്തും. ക്യാംപിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഫെബ്രുവരി 26 ന് മുമ്പായി പേരുകൾ രജിസ്റ്റർ ചെയ്യണമെന്ന് ചൈൽഡ് കെയർ സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അബ്രാഹം കെ.പോൾ അറിയിച്ചു. ഫോൺ: 0484 7961167, 9895705080



ചിത്രകാരനായ രവി കണയന്നൂർ വരച്ച ബോധവൽക്കരണ ചുവർ ചിത്രം മുൻ എം.എൽ.എ യും, കാർട്ടൂണിസ്റ്റുമായ അഡ്വ: എം.എം. മോനായി നാടിന് സമർപ്പിക്കുന്നു

# ചുവർ ചിത്ര സമർപ്പണവും ആദരിക്കലും നടത്തി

**പള്ളിക്കര :** പിണർമുണ്ട മഹാത്മ കലാസാംസ്കാരീക വേദിയുടെ ആഭിമുഖ്യത്തിൽ ചിത്രകാരനായ രവി കണയന്നൂർ വരച്ച ബോധവൽക്കരണ ചുവർ ചിത്രം മുൻ എം.എൽ.എ യും, കാർട്ടൂണിസ്റ്റുമായ അഡ്വ: എം.എം. മോനായി നാടിന് സമർപ്പിച്ചു.മാലിന്യ മുക്ത ഗ്രാമം ലഹരി മുക്ത ഗ്രാമം എന്ന ആശയത്തെ മുൻ നിർത്തിയാണ് ചുവർ ചിത്ര രചന നടത്തിയത്.മഹാത്മയ്ക്കു വേണ്ടി ആർട്ടിസ്റ്റ് രവി കണയന്നൂരാണ് ചുവർ ചിത്രങ്ങൾ ചിട്ടപ്പെടുത്തിയത്. ലഹരി ഉപയോഗത്തിന്റെ ഭീകരത ജന മന:സ്സുകളെ ആഴത്തിൽ ചിന്തിപ്പിയ്ക്കുന്ന തരത്തിൽ ചുവരിൽ വരച്ചു കൊണ്ടാണ് പ്രശസ്ത കാർട്ടൂണിസ്റ്റ് അഡ്വ: എം.എം. മോനായി ചടങ്ങ് നിർവ്വഹിച്ചത്. തുടർന്ന് പൊതുസമ്മേളത്തിൽ ടി.എ.റഫീക്ക് അധ്യക്ഷത വഹിച്ചു. ചുവർ ചിത്രകാരൻ രവി കണയന്നൂരിനെ കെ.പി. സാബു, എം.വൈ. ബിജു, പി.എം.അബൂബക്കർ, വി.എസ്സ്. ആഷിക്ക് എന്നിവർ ചേർന്ന് പൊന്നാടയണിയിച്ച് ആദരിച്ചു ടി.എ. വേലായുധൻ, എ.എ.സതീശൻ, കെ.പി.മോഹനൻ എന്നിവർ ക്യാഷ് അവാർഡ് നല്കി അനുമോദിച്ചു.ജന: സെക്രട്ടറി സി.എം. നാസർ മുഖ്യപ്രഭാഷണം നടത്തി.

# സി എസ് എം കലോത്സവത്തിൽ റണ്ണറപ്പായി നിർമലാ കോളേജ്

**പാലാ:** കാത്തലിക് സ്റ്റുഡന്റ്സ് മൂവ്മെന്റ് (സി എസ് എം) ഇന്റർ എപ്പാർക്കിയൽ ആർട്ടസ് ഫെസ്റ്റിൽ റണ്ണറപ്പായി നിർമല കോളേജ് സി എസ് എം യൂണിറ്റ്. സി എസ് എം ഇന്റർ എപ്പാർക്കിയൽ കൗൺസിൽ സംഘടിപ്പിച്ച മെലിയോറ 2025 എന്ന പേരിൽ നടത്തിയ കലോത്സവത്തിലാണ് നിർമലാ കോളേജ് വിദ്യാർഥികൾ ഓവറോൾ രണ്ടാം സ്ഥാനം കരസ്ഥമാക്കിയത്.

പാലാ സെന്റ് തോമസ് കോളേജിൽ വച്ച് നടന്ന കലാമേളയിൽ 20 ഇനങ്ങളിലായി 50 വിദ്യാർഥികൾ പങ്കെടുത്തു. 275 പോയിന്റോടെയാണ് നിർമലാ കോളേജ് രണ്ടാം സ്ഥാനം കരസ്ഥമാക്കിയത്.

മത്സരത്തിൽ കലാ പ്രതിഭയായി രണ്ടാം വർഷ ഫിസിക്സ് വിദ്യാർഥിയും സി എസ് എം നിർമല കോളേജ് യൂണിറ്റ് സെക്രട്ടറിയുമായ ഏബൽ മാത്യു തെരഞ്ഞെടുക്കപ്പെട്ടു. സി എസ് എം ആനിമേറ്റർ സിസ്റ്റർ അർമിള ആന്റണി സി, യൂണിറ്റ് പ്രസിഡന്റ് ജെം കെ ജോസ്, ഭാരവാഹികളായ ഓൾഗാ ജോസഫ് ജോൺ, സോണറ്റ് കെ സാബു, ആൽവിറ്റോ സജി എന്നിവർ മത്സരങ്ങൾക്ക് നേതൃത്വം നൽകി.

# ശ്രീപൂർണത്രയീശബാലാശ്രമം വിംശതി വാർഷികം: സ്വാഗത സംഘം രൂപീകരിച്ചു

**തൃപ്പൂണിത്തുറ:** ശ്രീപൂർണത്രയീശ ബാലാശ്രമത്തിന്റെ വിംശതി വാർഷികോത്സവത്തിനോടനുബന്ധിച്ച് സ്വാഗതസംഘം രൂപീകരിച്ചു. രക്ഷാധികാരികളായി സ്വാമി ശാരദാനന്ദ സരസ്വതി (ചിന്മയ മിഷൻ വെളിയനാട്) സ്വാമി ഭുവനാത്മാനന്ദ ജി.മഹാരാജ് (രാമകൃഷ്ണാശ്രമം വൈറ്റില), അഡ്വ.പി.വിജയകുമാർ (മാനനിയ സംഘജാലക്,രാഷ്ട്രീയ സ്വയംസേവക സംഘം കൊച്ചി മഹാനഗരം), സുബ്രഹ്മണ്യ അയ്യർ (വി.എച്ച്.പി ജില്ല അധ്യക്ഷൻ), പ്രസിഡന്റ് കൃഷ്ണൻ കോട്ടയിൽ(പൂർണ്ണത്രയീശ ബാലാശ്രമം പ്രസിഡന്റ്), വൈസ് പ്രസിഡന്റ്മാർ കെ.എൻ ദേവദാസ് (മാന്യ സംഘജാലക്, രാഷ്ട്രീയ സ്വയംസേവക സംഘം, തൃപ്പൂണിത്തുറ നഗരം), പി.കെ പീതാംബരൻ (പ്രതിപക്ഷനേതാവ് തൃപ്പൂണിത്തറ മുൻസിപ്പാലിറ്റി),രാധികാ വർമ്മ (കൗൺസിലർ, തൃപ്പൂണിത്തറ മുനിസിപ്പാലിറ്റി), വി.എൻ നാരായണൻ (അധ്യക്ഷൻ , വിശ്വഹിന്ദു പരിഷത്ത് തൃപ്പൂണിത്തുറ പ്രഖണ്ഡ്) വി. ശ്രീകുമാർ (വി.എച്ച്.പി ജില്ലാ ഉപാധ്യക്ഷൻ), ട്രഷറർ ഗംഗ വിജയൻ (പൂർണത്രേ ബാലാശ്രമം ട്രഷറർ), പുതുകാര്യദർശി ടി. രാഗേഷ് (പൂർണ്ണത്രയീശ ബാലാശ്രമം സെക്രട്ടറി), കാര്യദർശിമാർ: പി.കെ ജയേഷ് (വി.എച്ച്.പി എറണാകുളം ജില്ലാ സെക്രട്ടറി) എം.എൽ ദിലീപ് കുമാർ (വി.എച്ച്.പി ആലുവ ജില്ലാ സെക്രട്ടറി), എൻ. കെ രാധാകൃഷ്ണൻ (വി.എച്ച്.പി പെരുമ്പാവൂർ പ്രഖണ്ഡ് അധ്യക്ഷൻ), സമിതി അംഗങ്ങൾ മുരളീകൃഷ്ണൻ, ബി. വി സുരേഷ്, കെ.ജി രഞ്ജിത്ത്,വി.പി ശരത് കൃഷ്ണ, ടി.പി മുത്തു, എൻ. വിനോദ് കുമാർ, നിഷാ സിൻഹ എന്നിവരെ തിരഞ്ഞെടുത്തു.

ബാലാശ്രമം പ്രസിഡന്റ് കൃഷ്ണൻ കോട്ടയിലിന്റെ അധ്യക്ഷതയിൽ ചേർന്ന് യോഗം വി.എച്ച്.പി സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് വി. ആർ രാജശേഖരൻ ഉദ്ഘാടനം ചെയ്തു. സീമാജാഗരൺമഞ്ച് ദേശീയ മാർഗ്ഗദർശക് എ. ഗോപാലകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. വി.എച്ച്.പി സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ, സംസ്ഥാന ജോയിന്റ് സെക്രട്ടറി അബിനു സുരേഷ്, തൃപ്പൂണിത്തുറ മുൻസിപ്പൽ കൗൺസിലർ രാധികാ വർമ്മ, ബാലാശ്രമം സെക്രട്ടറി ടി. രാഗേഷ് തുടങ്ങിയവർ സംസാരിച്ചു.



ശ്രീപൂർണത്രയീശബാലാശ്രമത്തിന്റെ വിംശതി വാർഷികോത്സവത്തിനോടനുബന്ധിച്ചുള്ള സ്വാഗതസംഘം രൂപീകരണം ഉദ്ഘാടന യോഗത്തിൽ സീമാജാഗരൺമഞ്ച് ദേശീയ മാർഗ്ഗദർശക് എ. ഗോപാലകൃഷ്ണൻ ഭദ്രദീപം തെളിയിക്കുന്നു



# പാമ്പുകടി മരണം തടയാൻ കർമ്മ പദ്ധതിയുമായി അമൃത ആശുപത്രി

**കൊച്ചി:** പാമ്പ് കടിയേറ്റ് ഉള്ള മരണം സംസ്ഥാനത്ത് വർദ്ധിക്കുന്ന സാഹചര്യത്തിൽ അമൃത ആശുപത്രിയുടെ നേതൃത്വത്തിൽ കർമ്മ പദ്ധതി തയ്യാറാക്കുന്നു.കുടുംബാരോഗ്യ കേന്ദ്രങ്ങളും വനം വകുപ്പും ഉൾപ്പെടെ എല്ലാ സർക്കാർ സംവിധാനങ്ങളെയും സ്വകാര്യ ആശുപത്രികളെയും ഗവേഷണ കേന്ദ്രങ്ങളെയും സംയോജിപ്പിച്ചാണ് പദ്ധതി.

കഴിഞ്ഞ പത്ത് വർഷത്തിനിടെ മനുഷ്യ വന്യജീവി സംഘർഷത്തിൽ 904 മരണമുണ്ടായതിൽ 574 എണ്ണവും പാമ്പുകടിയേറ്റാണ്, ഇത് കുറച്ചു കൊണ്ടുവരിക എന്നതാണ് ലക്ഷ്യം. ഇതിനായി കുടുംബാരോഗ്യ കേന്ദ്രങ്ങളെയും വനം വകുപ്പ് ഉൾപ്പെടെ എല്ലാ സർക്കാർ സംവിധാനങ്ങളെയും സ്വകാര്യ ആശുപത്രികളെയും ഗവേഷണ കേന്ദ്രങ്ങളെയും സംയോജിപ്പിക്കും. പാമ്പ് കടിയേറ്റുള്ള മരണം പൂജ്യത്തിലേത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ആദ്യഘട്ടമായി കൊച്ചി അമൃത ആശുപത്രിയിൽ ഏകദിന ശിൽപശാല സംഘടിപ്പിച്ചു. .

പാമ്പ് കടിയേറ്റ ഒരാളുടെ പോലും ജീവൻ നഷ്ടപ്പെടരുത് എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് അമൃത ആശുപത്രിയിലെ കാർഡിയോളജിസ്റ്റ് ഡോ ജയദീപ് സി മേനോൻ പറഞ്ഞു. പാമ്പുകടിയേറ്റാൽ ആന്റിവെനം നൽകുന്നതിലുള്ള കാലതാമസവും വീഴ്ചയുമാണ് മരണം കൂടാനുള്ള പ്രധാന കാരണം.

പാമ്പുകടിയേറ്റാൽ ചെയ്യേണ്ട കാര്യങ്ങളെപ്പറ്റി സമൂഹത്തെയും വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്കും ബോധവൽക്കരണവും പരിശീലനവും നൽകുക എന്നതും പ്രാധാന്യമേറിയതാണെന്ന് അമൃത ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിലെ ഡോ ശബരീഷ് ബി വ്യക്തമാക്കി.

നാട്ടിലെത്തുന്ന 15,000 ഓളം പാമ്പുകളെ വർഷംതോറും വനംവകുപ്പ് പിടികൂടി കാട്ടിൽ വിടാറുണ്ട്. ഇങ്ങനെ വിടുന്നവയുടെ വിഷം ശേഖരിച്ച് ആന്റിവെനം നിർമ്മിക്കുന്നതിന്റെ സാദ്ധ്യതകൾ ആരായുന്നതടക്കം ശിൽപശാലയിൽ ചർച്ച ചെയ്തു. ഇതടക്കമുള്ള കാര്യങ്ങൾ സർക്കാറിന് മുന്നിൽ നിർദേശമായി സമർപ്പിക്കും. ആരോഗ്യ വകുപ്പ് സെക്രട്ടറി രാജൻ ഖോബ്രഗഡ മുഖ്യ പ്രഭാഷണം നടത്തിയ ശിൽപശാലയിൽ കേരള വനം വകുപ്പിലെയും ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചിലേയും അടക്കമുള്ള പ്രതിനിധികൾ പങ്കെടുത്തു.




## ബെസ്പോക് എഐ റഫ്രിജറേറ്റർ സീരീസ് പുറത്തിറക്കി സാംസങ്

**കൊച്ചി:** സാംസങ് തങ്ങളുടെ പുതിയ ബെസ്പോക് എഐ റഫ്രിജറേറ്റർ സീരീസ് പുറത്തിറക്കി. 330 ലി, 350 ലി. എന്നീ കപ്പാസിറ്റി റേഞ്ചിലുള്ള മോഡലുകളാണ് പുറത്തിറക്കിയിരിക്കുന്നത്. എഐ എനർജി മോഡ്, എഐ ഹോം കെയർ, സ്മാർട് ഫോർവേർഡ് എന്നിങ്ങനെയുള്ള നവീന എഐ ഫീച്ചറുകൾക്കൊപ്പം മനോഹര ഡിസൈനും വിവിധ രീതിയിലുള്ള സ്റ്റോറേജ് ഓപ്ഷനുകളും സാംസങ് ബെസ്പോക് എഐ റഫ്രിജറേറ്റർ സീരീസ് ഉപഭോക്താക്കൾക്ക് വാഗ്ദാനം ചെയ്യുന്നു. 56,990 രൂപയാണ് പ്രാരംഭ വില. സ്മാർട് എനർജി മാനേജ്മെന്റ്, മെച്ചപ്പെട്ട ഫ്രഷ്നഷ് റിട്ടെൻഷൻ, അപകടകാരികളായ ബാക്ടീരിയകളെ 99.9 ശതമാനവും ഇല്ലാതാക്കുന്ന ആക്ടീവ് ഫ്രഷ് ഫിൽറ്റർ എന്നിങ്ങനെ വിവിധ നൂതന ഫീച്ചറുകൾ പുതിയ ബെസ്പോക് എഐ റഫ്രിജറേറ്ററുകളിലുണ്ടെന്ന് കമ്പനി അധികൃതർ അറിയിച്ചു. ദീർഘകാലം ഈടുനിൽക്കുന്നതും മികച്ച ഇന്ധന ക്ഷമതയുള്ളതുമായ ഡിജിറ്റൽ ഇൻവേർട്ടർ കംപ്രസറാണ് ഈ മോഡലുകളിൽ സാംസങ് സജ്ജമാക്കിയിട്ടുള്ളത്. ഒപ്പം 20 വർഷത്തെ വാറന്റിയും ഉപഭോക്താക്കൾക്ക് സാംസങ് ഉറപ്പുനൽകുന്നു.

## ഫാസ്റ്റ്ട്രാക്ക് ബെയർ കളക്ഷൻ വാച്ചുകൾ പുറത്തിറക്കി



**കൊച്ചി:** ഇന്ത്യയിലെ മുൻനിര യൂത്ത് ഫാഷൻ ആക്സസറീസ് ബ്രാൻഡായ ഫാസ്റ്റ്ട്രാക്ക് ഏറ്റവും പുതിയ യൂണിസെക്സ് വാച്ച് ശേഖരമായ ബെയർ വിപണിയിലവതരിപ്പിച്ചു. ആധികാരികതയും ആത്മപ്രകാശനവും ആഘോഷിക്കുന്ന നൂതനവും സുതാര്യവുമായ വാച്ചുകളുടെ ശേഖരമാണ് ബെയർ. പ്രശസ്തമായ സിഐഐ ഇന്ത്യ ഡിസൈൻ സമ്മിറ്റിൽ ഉൽപ്പന്ന ഡിസൈൻ വിഭാഗത്തിലെ മികച്ച 50 ഡിസൈനുകളിൽ ഒന്നായി ബെയർ വാച്ചുകളുടെ രൂപകൽപനയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

ആറ് നിറങ്ങളിലുള്ള കട്ടിയുള്ള അലുമിനിയം ബെസൽ റിങ്ങോടു കൂടിയ സ്കെലിറ്റൽ ഡയലാണ് ബെയർ ശേഖരത്തിലെ വാച്ചുകൾക്കുള്ളത്. സമകാലിക വാച്ച് രൂപകൽപ്പനയിലെ പുതുമയാണ് ഈ ഡിസൈൻ. 2195 രൂപയാണ് ബെയർ ശേഖരത്തിലെ വാച്ചുകളുടെ വില.ഫാസ്റ്റ്ട്രാക്ക് ബെയർ ശേഖരത്തിൽ 6 മോഡലുകളാണുള്ളത്.

എല്ലാ ഫാസ്റ്റ്ട്രാക്ക് റീട്ടെയിൽ ഔട്ട്ലെറ്റുകളിലും ടൈറ്റൻ വേൾഡ് സ്റ്റോറുകളിലും അംഗീകൃത ഡീലർമാരിലും പ്രമുഖ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും ഇത് ലഭ്യമാണ്. ഓൺലൈനായി www.fastrack.in/collection-bare.html. ലും ലഭ്യമാണ്.

## ഐപിഎൽ 2025: കാമ്പയും ജിയോസ്റ്റാറും കൈകോർക്കുന്നു

**കൊച്ചി / ബംഗളൂരു:** ഇന്ത്യൻ പ്രീമിയർ ലീഗിൽ (ഐപിഎൽ) റിലയൻസ് കൺസ്യൂമർ പ്രൊഡക്ട്സ് ലിമിറ്റഡിന്റെ (ആർസിപിഎൽ) കാമ്പ, ജിയോസ്റ്റാറുമായി സഹകരിച്ച് ടിവിയിലും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലും ഒരു കോപവേർഡ് സ്പോൺസറാകും.

ടാറ്റാ ഐപിഎല്ലിനായുള്ള ജിയോസ്റ്റാറുമായുള്ള ഞങ്ങളുടെ പങ്കാളിത്തം ക്രിക്കറ്റിനോടുള്ള ഞങ്ങളുടെ ദീർഘകാല പ്രതിബദ്ധതയുടെ സ്വാഭാവിക വിപുലീകരണമാണെന്ന് റിലയൻസ് കൺസ്യൂമർ പ്രൊഡക്ട്സ് ലിമിറ്റഡിന്റെ സിഒഒ കേതൻ മോഡി അഭിപ്രായപ്പെട്ടു

ടിവിയിലും ഡിജിറ്റലിലുമായി എക്സ്ക്ലൂസീവ് കോപവേർഡ് സ്പോൺസർഷിപ്പ് നേടിയതിലൂടെ, ഇന്ത്യയിലെ ഏറ്റവും വലിയ വേദിയിൽ ഞങ്ങൾ ഞങ്ങളുടെ സാന്നിധ്യം വർദ്ധിപ്പിക്കുകയാണെന്നും കേതൻ മോഡി അഭിപ്രായപ്പെട്ടു




## ലുലു ഫ്ളവർ ഫെസ്റ്റ് സമാപിച്ചു

**കൊച്ചി:** വർണ പൂമ്പാറ്റകളെ പോലെ റാമ്പിൽ ചുവടുവച്ച് കുരുന്നുകൾ. കണ്ടു നിന്നവർക്കും മറക്കാനാവാത്ത നയനമനോഹര കാഴ്ച സമ്മാനിച്ച് ലുലു ഫ്ളർ ഫെസ്റ്റിന്റെ സമാപനം. പുഷ്പോത്സവത്തിന്റെ സമാപനമായി നടന്ന ലിറ്റിൽ പ്രിൻസ്, ലിറ്റിൽ പ്രിൻസസ് മത്സരത്തിൽ 59കുട്ടികളാണ് പങ്കെടുത്തത്. പുഷ്പ വൈവിധ്യങ്ങളുടെ ഭംഗിയും പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകതയും വിളിച്ചോതിക്കൊണ്ടാണ് ലുലു പുഷ്പോത്സവം സമാപിച്ചത്. പൂക്കളിൽ തിളങ്ങിയ കൊച്ചു സുന്ദരികളേയും സുന്ദരന്മാരേയും ഫാഷൻ ഷോ കാണാനെത്തിയ കാണികളും ഏറ്റെടുത്തു. ചിലർ ചിരിച്ചും കളിച്ചും, മാതാപിതാക്കളെ കാണാതെ കരഞ്ഞും, ജഡ്ജസിനെ ചിരിപ്പിച്ചും റാംപിൽ എത്തി. ലിറ്റിൽ പ്രിൻസായി എറണാകുളം വടുതല സ്വദേശികളായ ഷിജിൻ ജോസഫ് ഫെനീറ്റ ദമ്പതികളുടെ മകൻ ജോർദനെ തിരഞ്ഞെടുത്തു. ലിറ്റിൽ പ്രിൻസസായി തൃശൂർ സ്വദേശികളായ അനൂപ് കുമാർ, രമ്യ അനൂപ് ദമ്പതികളുടെ മകൾ ലക്ഷ്മിയയെ പ്രഖ്യാപിച്ചു. സിനിമാ താരങ്ങളായ മീനാക്ഷി, ലയ മാമൻ, ഐശ്വര്യ എ എന്നിവർ അടങ്ങിയ മൂന്നംഗ ജൂറിയായിരുന്നു വിധി കർത്താക്കൾ. വിവിധ ഘട്ടങ്ങളായുള്ള റാംപ് വാക്കിന് ശേഷമാണ് വിജയിതാക്കളെ പ്രഖ്യാപിച്ചത്. വിജയികൾക്ക് സിനിമാ താരങ്ങളായ കുഞ്ചാക്കോ ബോബനും പ്രിയ മണിയും ചേർന്ന് പ്രശസ്തി ഫലകവും ക്യാഷ് അവാർഡും കൈമാറി. ചടങ്ങിൽ ലുലുമാൾ ജനറൽ മാനേജർ വിഷ്ണു രഘുനാഥ്, ലുലു ഇന്ത്യ മീഡിയ ഹെഡ് എൻ.ബി സ്വരാജ്, ലുലുഹൈപ്പർ ജനറൽ മാനേജർ ജോ പൈനേടത്ത്, മുഹമ്മദ് യൂനസ്, ഓപ്പറേഷൻസ് മാനേജർ ഒ. സുകുമാരൻ, സെക്യൂരിറ്റി മാനേജർ കെ.ആർ. ബിജു, ജൂനിയർ കില്ലർ സ്റ്റോർ മാനേജർ വി.എസ്. സുനിൽ തുടങ്ങിയവർ പങ്കെടുത്തു. പുതുമയും പഴമയും സമ്മേളിക്കുന്ന വേദിയായിട്ടാണ് ലുലു ഫ്ളവർ ഫെസ്റ്റ് മാറിയത്. പ്രകൃതി സൗന്ദര്യം, പുഷ്പങ്ങളിലെ വ്യത്യസ്തകൾ, ഫല സസ്യ വൈവിധ്യങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നതായിരുന്നു ലുലുമാളിലെ പുഷ്പ പ്രദർശനം.




## ബോസ് കൃഷ്ണമാചാരിക്ക് ലൈഫ് ടൈം ഡിസൈൻ എക്സലൻസ് അവാർഡ്

**അഹമ്മദാബാദ്:** കർണാവതി സർവകലാശാലയും യുണൈറ്റഡ് വേൾഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനും (യുഐഡി) സംഘടിപ്പിച്ച വീനസ് എക്സലൻസ് കലാകാരനും ക്യൂറേറ്ററും സാംസ്കാരിക ദർശകനുമായ ബോസ് കൃഷ്ണമാചാരിയെ ലൈഫ് ടൈം ഡിസൈൻ എക്സലൻസ് അവാർഡ് 2025 നൽകി ആദരിച്ചു. അഹമ്മദാബാദ് ഡിസൈൻ വീക്കിന്റെ ആറാമത് പതിപ്പിൽ വേൾഡ് ഡിസൈൻ ഓർഗനൈസേഷന്റെ വിശിഷ്ട അംഗങ്ങളുടെ സാന്നിധ്യത്തിലായിരുന്നു അവാർഡ് സമർപ്പണം.അക്കാദമി അവാർഡ് ജേതാവായ ശബ്ദ കലാകാരനും ശിൽപിയുമായ റസൂൽ പൂക്കുട്ടിയിൽ നിന്നും ബോസ് കൃഷ്ണമാചാരി അവാർഡ് ഏറ്റുവാങ്ങി.

ഈ അവാർഡ് ഒരു വ്യക്തിഗത നാഴികക്കല്ല് മാത്രമല്ല, ഇന്ത്യയിലെ സമകാലിക കല, ഡിസൈൻ, ക്യൂറേറ്റോറിയൽ പ്രാക്ടീസ് എന്നിവയുടെ ആഘോഷമാണെന്ന് ബോസ് കൃഷ്ണമാചാരി പറഞ്ഞു. കർണാവതി യൂണിവേഴ്സിറ്റി, കൊച്ചി ബിനാലെ ഫൗണ്ടേഷൻ, കൊച്ചിമുസിരിസ് ബിനാലെ ടീം, കലാരൂപകൽപ്പന സമൂഹത്തിനും അവരുടെ അചഞ്ചലമായ പിന്തുണക്കും പ്രചോദനത്തിനും ഹൃദയംഗമമായ നന്ദി അറിയിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.തോമസ് ഗാർവി (ചെയർ, ഡബ്ല്യുഡിഒ), പ്രദ്യുമ്ന വ്യാസ്, ഉമാങ് ഹുതീസിംഗ്, റിതേഷ് ഹദ എന്നിവരുൾപ്പെടെ ചടങ്ങിൽ പങ്കെടുത്തു.

## സംസ്കൃത സർവകലാശാലയിൽ ജോബ് ഫെയർ 20ന്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ, മോഡൽ കരിയർ സെന്റർ, ആലുവ, കരിയർ ഗൈഡൻസ് ആൻഡ് കൗൺസലിംഗ് സെൽ എന്നിവയുടെ സഹകരണത്തോടെ കാലടി മുഖ്യകേന്ദ്രത്തിലുള്ള അക്കാദമിക് ബ്ലോക്ക് രണ്ടിൽ ഫെബ്രുവരി 20ന് പ്രയുക്തി ജോബ് ഫെയർ സംഘടിപ്പിക്കും. ഇറാം മോട്ടോഴ്സ്, മൈജോ മോട്ടോഴ്സ്, നിപ്പൺ ടൊയോട്ട, സിവ മെറ്റേണിറ്റി വെയർ, സി.എം.എൽ. ബയോടെക് ലിമിറ്റഡ്, ആയുർ കെയർ ഹെർബൽ, ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക്, എൻ മൈനസ് റ്റു സൊല്യൂഷൻസ്, എക്സ്ട്രീം ബിസിനസ്സ് ഗ്രൂപ്പ്, സി. എഫ്. സി. സി. ഐ., പ്രയത്ന ചൈൽഡ് ഹെൽത്ത് കെയർ സെന്റർ, ഗാലക്സി അസോസിയേറ്റ്സ്, ഫോർച്യൂൺ ബിസിനസ്സ് ഗ്രൂപ്പ്, സതേൺ മൾട്ടി സ്റ്റേറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റി, മുത്തൂറ്റ് മൈക്രോ ഫിനാൻസ്, എവൈ ടെക്, അലൈവ് അസ്സോസിയേറ്റ്സ് മുതലായ പ്രമുഖ സ്ഥാപനങ്ങൾ ജോബ് ഫെയറിൽ പങ്കെടുക്കുന്നു.

രാവിലെ 10 മുതൽ ആരംഭിക്കുന്ന ജോബ് ഫെയറിൽ സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കൊപ്പം മറ്റ് ഉദ്യോഗാർത്ഥികൾക്കും പങ്കെടുക്കാവുന്നതാണ്. എസ്. എസ്. എൽ. സി. മുതൽ ഉന്നത വിദ്യാഭ്യാസ യോഗ്യതകൾ നേടിയവർക്ക് പങ്കെടുക്കാം. പ്രായം: 2045. രജിസ്റ്റർ ചെയ്യേണ്ട ലിങ്ക്: bit.ly/job-sankara, സ്പോട്ട് രജിസ്ട്രേഷൻ ഉണ്ടായിരിക്കും. രജിസ്ട്രേഷൻ സൗജന്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9497182526, 9656036381



## പുതിയ ശേഖരവുമായി പ്ലാറ്റിനം ലവ് ബാൻഡ്സ്

**കൊച്ചി :** പ്രത്യേക പ്ലാറ്റിനം ലവ് ബാൻഡ്സ് കളക്ഷനുകൾ വിപണിയൽ . പരമ്പരാഗത ഡിസൈനുകളുടെ ആധുനിക പതിപ്പുകൾ,സ്ത്രീകൾക്കും പുരുഷന്മാർക്കുമായി തയ്യാറാക്കിയ പ്രത്യേക കളക്ഷനുകൾ എന്നിവ ലഭ്യമാകുമെന്ന് കമ്പനി അധികൃതർ അറിയിച്ചു. പ്രത്യേകതരം പെൻഡന്റുകൾ, കമ്മലുകൾ, നെക്ക്ലേസുകൾ തുടങ്ങി ദമ്പതികൾക്കായി തയ്യാറാക്കിയിരിക്കുന്ന പ്ലാറ്റിനം ലവ് ബ്രാൻഡ് ക്ലാസ്സി ചെയനുകൾ , ബ്രേസ്ലേറ്റ് എന്നിവയും റീടൈൽ പാർട്ണർ സ്റ്റോറുകളിലൂടെ ലഭ്യമാണ്.

## ഇന്നൊവേറ്റിവ്യൂ ഇന്ത്യ ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** പരീക്ഷകൾ, തിരഞ്ഞെടുപ്പുകൾ, വലിയ ഇവന്റുകൾ എന്നിവയ്ക്കായി ഇന്ത്യയിലുടനീളം ഓട്ടോമേറ്റഡ് അനുബന്ധ സുരക്ഷാ, നിരീക്ഷണ സൊല്യൂഷൻസ് നൽകുന്ന ടെക്നോളജി അധിഷ്ഠിത സ്ഥാപനമായ ഇന്നൊവേറ്റിവ്യൂ ഇന്ത്യ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.ഓഹരി ഒന്നിന് 5 രൂപ വീതം മുഖവിലയുള്ള 2000 കോടി രൂപയുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഡാം ക്യാപിറ്റൽ അഡ്വൈസേഴ്സ് ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റിഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെന്റ് അഡ്വൈസേഴ്സ് ലിമിറ്റഡ്, ഷാനോൺസ് അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## സാമ്പത്തിക സുരക്ഷയിൽ ആശങ്കാകുലരെന്ന് പഠനം

**കൊച്ചി:** രാജ്യത്തെ 60 ശതമാനം ജനങ്ങളുംഭാവിയിലെ സാമ്പത്തിക സുരക്ഷയെക്കുറി ച്ച് ആശങ്കാകുലരാണെന്ന് എഡൽവീസ് ലൈഫ് ഇൻഷ്വറൻസിന്റെ പഠനം. മാതാപിതാക്കൾക്കും കുട്ടികൾക്കും മികച്ച ജീവിതം നൽകുന്നതിൽ ശ്രദ്ധിക്കുന്നവരിൽ വലിയ വിഭാഗം സ്വന്തം ഭാവിയെക്കുറിച്ചു മതിയായ സാമ്പത്തിക സുരക്ഷിതത്വ അവബോധം പുലർത്തുന്നില്ലെന്നും പഠനം ചൂണ്ടിക്കാട്ടുന്നു.

## പ്രിന്റ് ആന്റ് ബിയോണ്ട് ഒൻപതാം എഡിഷൻ 22ന്

**കൊച്ചി:** കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷന്റെ ദേശീയ സെമിനാർ പ്രിന്റ് ആന്റ് ബിയോണ്ട് ഒൻപതാം എഡിഷൻ 22ന് റാഡിസൺ ബ്ലൂവിൽ നടക്കും. ആൾ ഇന്ത്യ ഫെഡറേഷൻ ഓഫ് മാസ്റ്റർ പ്രിന്റേഴ്സ് പ്രസിഡന്റ് സതീഷ് മൽഹോത്ര മുഖ്യാതിഥിയായി പങ്കെടുക്കുന്ന സെമിനാറിൽ എഡൽമാൻ ഗ്രൂപ്പ് ജർമനി ഗ്ലോബൽ സി ഇ ഒ ഡോ. ഫ്രാങ്ക് ഹോർനംഗ് മുഖ്യപ്രഭാഷണം നടത്തും. കെ എം പി എ പ്രസിഡന്റ് ലൂയിസ് ഫ്രാൻസിസിന്റെ അധ്യക്ഷതയിൽ ചേരുന്ന സെമിനാറിൽ ബ്രില്ല്യന്റ് പ്രിന്റേഴ്സ് ബാംഗളൂർ മാനേജിംഗ് ഡയറക്ടർ പീറ്റർ അനിൽ രേഗോ, ട്രിഗോൺ ഡിജിപാക്ക് മുംബൈ സ്ഥാപകനും ഡയറക്ടറുമായ അനിൽ നാമുഗുഡെ, വിജയശ്രീ പാക്കേജിംഗ് ഇൻഡോർ ഡയറക്ടർ ആയുഷ് ജയിൻ എന്നിവർ പ്രഭാഷണം നടത്തും.

പ്രിന്റ് വീക്ക് ഇന്ത്യ ആന്റ് വാട്ട് പാക്കേജിംഗ് എഡിറ്റർ രാമു രാമനാഥനാണ് മോഡറേറ്റർ. ഹരിയാന സർക്കാരിന്റെ ഒ എസ് ഡിയും ഡിക്രസ്റ്റ് യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലറുമായ പ്രൊഫ. ഡോ. രാജേന്ദ്രകുമാർ അനായത്താണ് പ്രിന്റ് ആന്റ് ബിയോണ്ടിന്റെ മുഖ്യരക്ഷാധികാരിയെന്ന്

പ്രിന്റ് ആന്റ് ബിയോണ്ട് 2025 ചെയർമാൻ രാജു എൻ കുട്ടിയും കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ഡി മൻമോഹൻ ഷേണായിയും പറഞ്ഞു.




# പ്രവാസികൾക്ക് പുതിയ സേവിംഗ്സ് അക്കൗണ്ടുമായി ഫെഡറൽ ബാങ്ക്

**ദുബായ്:** പ്രോസ്പെര എന്ന പേരിലുള്ള പുതിയ എൻആർഇ സേവിംഗ്സ് അക്കൗണ്ട് ഫെഡറൽ ബാങ്ക് പുറത്തിറക്കി. 60 ലക്ഷം രൂപയുടെ കോംപ്ലിമെന്ററി ഇൻഷുറൻസ് ആനുകൂല്യങ്ങളും എയർപോർട്ട് ലൗഞ്ച് ആക്സസും ഡെബിറ്റ് കാർഡ് സ്പെൻഡിന് റിവാർഡ് പോയിന്റുകളും ഉൾപ്പെടെ അനേകം ആനുകൂല്യങ്ങൾ ഉൾക്കൊള്ളിച്ച് പ്രവാസികൾക്ക് അനുയോജ്യമായ വിധത്തിൽ രൂപകൽപ്പന ചെയ്തതാണ് പ്രോസ്പെര എൻആർഇ സേവിംഗ്സ് അക്കൗണ്ടെന്ന് ഫെഡറൽ ബാങ്കിന്റെ മാനേജിംഗ് ഡയറക്ടറും സി ഇ ഓയുമായ കെ വി എസ് മണിയൻ പറഞ്ഞു.പ്രാരംഭ ഓഫർ എന്ന നിലയിൽ, തിരഞ്ഞെടുത്ത യാത്രാ പ്ലാറ്റ്ഫോമുകളിൽ ഫ്ലൈറ്റ്, ഹോട്ടൽ ബുക്കിംഗുകൾക്ക് 24 ശതമാനം വരെ കിഴിവ് ലഭ്യമാണ്.

'ഇന്ന് ഇന്ത്യയിലേക്കുള്ള വ്യക്തിഗത റെമിറ്റൻസിന്റെ അഞ്ചിലൊന്നും ഫെഡറൽ ബാങ്ക് വഴിയാണെന്നത് പ്രവാസിസമൂഹവും ഞങ്ങളുടെ റെമിറ്റൻസ് പങ്കാളികളും ബാങ്കിൽ അർപ്പിച്ചിട്ടുള്ള വിശ്വാസത്തിന് നിദർശനമാണ്. അടിസ്ഥാന ബാങ്കിംഗ് സൗകര്യങ്ങൾക്കപ്പുറം, തങ്ങളുടെ ജീവിതശൈലിയ്ക്കും അഭിലാഷങ്ങൾക്കും ചേർന്ന ബാങ്കിംഗ് അനുഭവങ്ങൾ പ്രതീക്ഷിക്കുന്നവരാണ് ഇന്നത്തെ പ്രവാസികളെന്ന് ഞങ്ങൾക്കു മനസിലാക്കാൻ സാധിച്ചിട്ടുണ്ട്. ഇടപാടുകാരുടെ ആവശ്യങ്ങൾക്കും മാറുന്ന സാഹചര്യങ്ങൾക്കും ചേർന്ന തരത്തിൽ ഞങ്ങളുടെ ഉത്പന്നങ്ങളും സേവനങ്ങളും നിരന്തരം മെച്ചപ്പെടുത്തുന്നതിൽ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും അദ്ദേഹം പറഞ്ഞു.ബാങ്കിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും ഡെപ്പോസിറ്റ്സ്, വെൽത് ആൻഡ് ബാൻകാ കൺട്രി ഹെഡുമായ ജോയ് പി വി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും ബ്രാഞ്ച് ബാങ്കിംഗ് ഹെഡുമായ ഇക്ബാൽ മനോജ്, അബുദാബിയിലെ ചീഫ് റെപ്രസന്റേറ്റീവ് ഓഫീസർ അരവിന്ദ് കാർത്തികേയൻ, ദുബായിലെ ചീഫ് റെപ്രസെന്റേറ്റീവ് ഓഫീസർ ഷെറിൻ കുര്യാക്കോസ് എന്നിവരും മണിയന്റെ ഒപ്പമുണ്ടായിരുന്നു.ഫെഡറൽ ബാങ്കിന്റെ മൊബൈൽ ബാങ്കിങ് പ്ലാറ്റഫോമായ ഫെഡ്മൊബൈൽ വഴി പ്രവാസികൾക്ക് പോർട്ട്ഫോളിയോ ഇൻവെസ്റ്റ്മെന്റ് സ്കീം (പി ഐ എസ്) അക്കൗണ്ട് തുടങ്ങാൻ സൗകര്യമൊരുക്കുന്ന പുതിയ സംവിധാനത്തിന്റെ ഉദ്ഘാടനം ഇക്ബാൽ മനോജ് നിർവഹിച്ചു.



# ദുബായിലെ ബി.എൻ.ഡബ്ല്യു ഓഫീസ് സന്ദർശിച്ച് ടൊവിനോ

**ദുബായ്:** പ്രമുഖ ലക്ഷ്വറി റിയൽ എസ്റ്റേറ്റ് ഗ്രൂപ്പായ ബി.എൻ.ഡബ്ല്യുവിന്റെ ഓഫീസിൽ സന്ദർശനം നടത്തി മലയാള സിനിമാ താരം ടൊവിനോ തോമസ്. ദുബായിലെത്തിയ താരം ബി.എൻ.ഡബ്ല്യു ചെയർമാനും സ്ഥാപകനുമായ അങ്കുർ അഗർവാൾ, സഹസ്ഥാപകനും മാനേജിങ് ഡയറക്ടറുമായ വിവേക് ഒബ്റോയി, മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം എസ്. ശ്രീശാന്ത് എന്നിവരുമായി കൂടിക്കാഴ്ച്ച നടത്തി. സന്ദർശനത്തിൽ നവീകരണം, റിയൽഎസ്റ്റേറ്റ് മഖലയിലെ വളർച്ച തുടങ്ങിയവയെ കുറിച്ചു ചർച്ച ചെയ്തു. വിവിധ വ്യവസായങ്ങളുമായി സഹകരിക്കുന്നതിന്റെ സാധ്യതകളും ചർച്ചയിൽ പ്രധാന വിഷയമായി. ബിസിനസിനപ്പുറം നിരവധി പ്രവർത്തനങ്ങളിൽ ഇപ്പോൾ ബി.എൻ.ഡബ്ല്യു ശ്രദ്ധകേന്ദ്രീകരിക്കുന്നുണ്ട്.

ആധുനിക കാലത്ത് ആഡംബരമെന്നത് സമൃദ്ധി മാത്രമല്ല, ജനങ്ങളെ പ്രചോദിപ്പിക്കാനും പരസ്പരം ബന്ധിപ്പിക്കാനും സാധിക്കുന്ന അർത്ഥപൂർണമായ അനുഭവങ്ങളും ഇടങ്ങളും സൃഷ്ടിക്കലാണെന്ന് സഹസ്ഥാപകനും എം.ഡിയുമായ വിവേക് ഒബ്റോയ് പറഞ്ഞു.

റിയൽ എസ്റ്റേറ്റ് മേഖലയെ പുനർനിർവചിക്കുകയാണ് ദുബായ് ആസ്ഥാനമായുള്ള ബി.എൻ.ഡബ്ല്യു. ലൈഫ്സ്റ്റൈൽ, സംസ്കാരം, നവീനത എന്നിവ സംയോജിപ്പിച്ചുകൊണ്ട് ഈ മേഖലയ്ക്ക് പുതിയമാനം നൽകുവാൻ കമ്പനിക്ക് സാധിക്കുന്നുണ്ട്. ആഗോള വിപണിയിലെ സാന്നിധ്യം വിപുലീകരിച്ച് ആഢംബര ഹോസ്പിറ്റാലിറ്റി ബ്രാൻഡുകളുമായി ചേർന്ന് വിപുലമായ പങ്കാളിത്തങ്ങൾ സ്ഥാപിച്ചുകൊണ്ട് ശക്തി വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. വിവിധ സിനിമാ സാംസ്കാരിക പ്രവർത്തകരുമായി ചേർന്നുകൊണ്ട് സംഘടിപ്പിക്കുന്ന കൾച്ചറൽ പ്രോഗ്രാമിലൂടെ കമ്പനി, ഡവലപ്പർ എന്നതിനുപരി നവീന അനുഭവങ്ങളുടെ ക്യുറേറ്ററായി മാറിയിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

# കെ സ്മാർട്ടിൽ സ്മാർട്ടായി കേരളം; 23 ലക്ഷത്തിലധികം അപേക്ഷകൾ തീർപ്പാക്കി

**തിരുവനന്തപുരം:** ഡിജിറ്റൽ അഡ്മിനിസ്ട്രേഷന്റെ അടുത്ത തലമായി വിശേഷിപ്പിക്കപ്പെടുന്ന കെ സ്മാർട്ടിലൂടെ ഇതിനോടകം തീർപ്പാക്കിയത് 23 ലക്ഷത്തിലധികം അപേക്ഷകൾ. 2024 ജനുവരി ഒന്നു മുതൽ 87 മുൻസിപ്പാലിറ്റികളും ആറ് കോർപ്പറേഷനുകളും അടങ്ങുന്ന 93 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 3057611 ഫയലുകളാണ് ഇതിനോടകം കെസ്മാർട്ട് വഴി കൈകാര്യം ചെയിതിരിക്കുന്നത്. ഇതിൽ 2311357 ഫയലുകളും തീർപ്പാക്കിയതായി അധികൃതർ വ്യക്തമാക്കി. ആകെ കെസ്മാർട്ട് മുഖേന കൈകാര്യം ചെയ്ത ഫയലുകളുടെ 75.6 ശതമാനമാണ് ഇത്. 504712 ഫയലുകൾ നിലവിൽ വിവിധ ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യുകയാണ്. ഈ ഫയലുകളുടെ അവസ്ഥ എന്താണെന്ന് ഉദ്യോഗസ്ഥ തലത്തിലുള്ളവർക്ക് അറിയാൻ നിലവിൽ സംവിധാനം കെസ്മാർട്ടിൽ ഒരുക്കിയിട്ടുണ്ട്. ഭാവിയിൽ ഇത് അപേക്ഷകന് അറിയാനുള്ള സംവിധാനവും ഒരുങ്ങും. 2025 ഏപ്രിലോടെ ത്രിതല പഞ്ചായത്തുകളിലും കെസ്മാർട്ട് സേവനം ലഭ്യമാകുന്നതോടെ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളുടെ സേവനങ്ങളും വിരൽത്തുമ്പിൽ ലഭ്യമാകും.

കെ സ്മാർട്ടിൽ നിലവിൽ സിവിൽ രജിസ്ട്രേഷൻ (ജനന മരണ വിവാഹ രജിസ്ട്രേഷൻ), ബിസ്നസ് ഫെസിലിറ്റേഷൻ (വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ഉള്ള ലൈസൻസുകൾ), വസ്തു നികുതി, യൂസർ മാനേജ്മെന്റ്, ഫയൽ മാനേജ്മെന്റ് സിസ്റ്റം, ഫിനാൻസ് മൊഡ്യൂൾ, ബിൽഡിങ്ങ് പെർമിഷൻ മൊഡ്യൂൾ, പൊതുജന പരാതി പരിഹാരം എന്നീ എട്ട് മൊഡ്യൂളുകളും 'നോ യുവർ ലാൻഡ്' ഫീച്ചറുമാണ് കെ സ്മാർട്ട് വഴി സേവനങ്ങൾ നൽകാനായി ലഭ്യമായിട്ടുള്ളത്. അടുത്ത ഘട്ടത്തിൽ പ്ലാനിങ്ങ് മൊഡ്യൂൾ, ഗ്രാമസഭ മീറ്റിങ്ങ് മാനേജ്മെന്റ്, പെൻഷൻ സേവനങ്ങൾ, സർവേ ആൻഡ് ഫോംസ്, പബ്ലിക് ഇൻഫ്രാസ്ട്രക്ചർ, വെയിസ്റ്റ് മാനേജ്മെന്റ്, ഡിസാസ്റ്റർ മാനേജ്മെന്റ് തുടങ്ങിയവയുമായി ബന്ധപ്പെട്ട സേവനങ്ങളും കെ സ്മാർട്ട് വഴി ലഭ്യമാകും. ഇന്ത്യയിൽ ആദ്യമായി ബിൽഡിങ്ങ് പെർമിഷൻ മൊഡ്യൂളിലും 'നോ യുവർ ലാൻഡ്' ആപ്പിലും ജിഐഎസ് റൂൾ എഞ്ചിനും ഇഡിസിആർ റൂൾ എഞ്ചിനും കെ സ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വ്യത്യസ്ത സ്ഥലങ്ങളിൽ ഉള്ള ദമ്പതിമാർക്ക് വിവാഹ സർട്ടിഫിക്കേറ്റ് നൽകുന്നതിന് രാജ്യത്താദ്യമായി വീഡിയോ കെ.വൈ.സി അവതരിപ്പിച്ചതും കെ സ്മാർട്ടാണ്. കൂടുതൽ മൊഡ്യൂളുകൾ ഇത്തരത്തിൽ സേവനങ്ങൾക്കായി കൂട്ടിച്ചേർക്കാനുള്ള പ്രവർത്തികളും പുരോഗമിക്കുകയാണ്.

കെ സ്മാർട്ട് വഴി പൊതുജനങ്ങൾ ആവശ്യപ്പെടുന്ന രേഖകൾ വാട്സ്ആപ്പ് വഴി ലഭ്യമാക്കാൻ വേണ്ട വാട്സ്ആപ്പ് ഇന്റഗ്രേഷൻ പ്രോസസും പുരോഗമിക്കുകയാണ്. കെ സ്മാർട്ട് ആപ്പ് വഴി അപേക്ഷിക്കുന്ന ജനനം, മരണം, വിവാഹം എന്നിവയുടെ സർട്ടിഫിക്കറ്റുകൾ കെ സ്മാർട്ട് ആപ്പിനൊപ്പം ഉപഭോക്താക്കളുടെ വാട്സ് ആപ്പ് നമ്പറിലും നിലവിൽ ലഭ്യമാകും.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാഗ്ദാനം ചെയ്യുന്ന മുഴുവൻ സേവനങ്ങളും ഒരൊറ്റ മൊബൈൽ ആപ്പിലൂടെ ഏതൊരു പൗരനും ലഭ്യമാവുന്ന രീതിയിലുള്ള വിപ്ലവകരമായൊരു ഡിജിറ്റൽ അഡ്മിനിസ്ട്രേഷനിലേക്കുള്ള മാറ്റം ലക്ഷ്യം വച്ചുകൊണ്ടാണ് കേരള സർക്കാർ, ഇൻഫർമേഷൻ കേരള മിഷൻ മുഖേന കെ സ്മാർട്ട് പദ്ധതി രൂപകൽപ്പന ചെയ്ത് നടപ്പിലാക്കിയത്. മുഴുവൻ ഫീച്ചറുകളും നടപ്പിലാകുന്ന ഘട്ടത്തിൽ പ്രഡിക്ടീവ് ഗവേർണൻസ് എന്ന നിലയിലേക്ക് സേവനം നൽകാനും കെ സ്മാർട്ടിന് കഴിയും. ഒരു പൗരന് ആവശ്യമായ രേഖകൾ കണ്ടറിഞ്ഞ് ആവശ്യമായ ഘട്ടത്തിൽ ലഭ്യമാക്കുന്ന രീതിയിലെ പ്രവർത്തനമാണ് കെ സ്മാർട്ട് ഇതു വഴി വിഭാവനം ചെയ്യുന്നത്.




# ഡോ. നികിതാ ഗോപാലിന് മെറിറ്റ് അവാർഡ് നൽകി

**കൊച്ചി:** ഐ.സി.എ.ആർ. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലെ ഇ.ഐ.എസ്. ഡിവിഷൻ മേധാവിയായ ഡോ. നികിതാ ഗോപാൽ ഏഷ്യൻ ഫിഷറീസ് സൊസൈറ്റി മെറിറ്റ് അവാർഡിന് അർഹയായി. 'ആക്വാകൾച്ചർ ആൻഡ് ഫിഷറീസ് വിഭാഗത്തിലെ ജെൻഡർ വിഭാഗത്തിന്റെ ചെയർമാൻ ആയി പ്രവർത്തിച്ചതിനുള്ള അംഗീകാരമായാണ് അവാർഡ് നൽകിയത്. ന്യൂ ഡെൽഹിയിൽ നടന്ന എ. എഫ്. എ. എഫ്. സമ്മേളനത്തിൽ ഏഷ്യൻ ഫിഷറീസ് സൊസൈറ്റിയുടെ പ്രസിഡന്റ് പ്രൊഫ. ലിപിങ് ലിയു ഡോ നികതാ. ഗോപാലിന് അവാർഡ് സമ്മാനിച്ചു. ഫിഷറീസ് മേഖലയിൽ ലിംഗസമത്വം പ്രോത്സാഹിപ്പി ക്കുന്നതിനും ഗവേഷണപോളിസി വികസനത്തിന് കൂടുതൽ ശക്തി പകരുന്നതിനും ഡോ. ഗോപാലിന്റെ പ്രവർത്തനം നിർണായകമാണ്.




കെ എം എ ലീഡർ ഇൻസൈറ്റ് പ്രഭാഷണ പരമ്പരയുടെ ഭാഗമായി എയർ കേരള ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഹാരിഷ് മൊയ്ദീൻ കുട്ടി പ്രഭാഷണം നടത്തുന്നു. അൾജിയേഴ്സ് ഖാലിദ്, ബിബു പുന്നൂരാൻ, ടോം പി ജോസഫ് എന്നിവർ സമീപം.

# കുറഞ്ഞ ചെലവിൽ മികച്ച യാത്ര സൗകര്യം ഒരുക്കുകയാണ് ലക്ഷ്യം: എയർ കേരള സിഇഒ

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ (കെ എം എ) ലീഡർ ഇൻസൈറ്റ് പ്രഭാഷണം സംഘടിപ്പിച്ചു. ട്രാൻസ്ഫോർമിങ് ഏവിയേഷൻ ഇൻഡസ്ട്രി ഇൻ കേരള ഫോർ ഗ്ലോബൽ കണക്റ്റിവിറ്റി എന്ന വിഷയത്തിൽ എയർ കേരള ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഹാരിഷ് മൊയ്ദീൻ കുട്ടി പ്രഭാഷണം നടത്തി. വ്യോമയാന മേഖലയിൽ കേരളം മുന്നോട്ട് വച്ച മികച്ച മാതൃകയാണ് സിയാൽ എന്ന് അദ്ദേഹം പറഞ്ഞു. ഒട്ടേറെ പഠനങ്ങളും ഗവേഷണങ്ങളും നടത്തിയ ശേഷമാണ് എയർ കേരള ആരംഭിക്കാൻ തീരുമാനിച്ചത്. ബസ്, ട്രെയ്ൻ യാത്രക്കാരെ വിമാനയാത്രയിലേക്ക് ആകർഷിക്കുക എന്നതാണ് ലക്ഷ്യം. 70 സീറ്റുകളുള്ള ബസുകളിൽ 2500 രൂപ വരെ നൽകി യാത്ര ചെയ്യുന്നവരെ വിമാന യാത്രയിലേക്ക് ആകർഷിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. പ്രവാസികൾ ഏറെയുള്ള കേരളത്തിൽ വിമാനയാത്ര ചെയ്യാൻ ആഗ്രഹിക്കുന്നവരാണ് ഏറെയും. കുറഞ്ഞ ചെലവിൽ വിമാനയാത്ര ഒരുക്കുകയാണ് ലക്ഷ്യം. യാത്ര ചെയ്യാൻ ഇഷ്ടപ്പെടുന്നവരാണ് മലയാളികൾ. അവർക്കായി മികച്ച യാത്രാ സൗകര്യം ഒരുക്കുകയാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. ഉത്സവ കാലങ്ങളിൽ മലയാളികളുടെ യാത്രാദുരിതം കുറയ്ക്കുക എന്നതാണ് എയർ കേരളയുടെ പ്രധാന ലക്ഷ്യമെന്നും ഹാരിഷ് മൊയ്ദീൻ കുട്ടി പറഞ്ഞു.

കെഎംഎ പ്രസിഡൻറ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് അൾജിയേഴ്സ് ഖാലിദ്, ടോം പി ജോസഫ് എന്നിവർ സംസാരിച്ചു.

